**അടിയന്തര പ്രമേയം**

## സോളാർ കേസ്സിന്റെ അട്ടിമറി

മി. സ്പീക്കർ: സോളാർ തട്ടിപ്പുകേസ് സംബന്ധിച്ച് കോടതി നിർദ്ദേശ പ്രകാരം അന്വേഷണസംഘം എടുത്ത കേസ്സിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള വരെ ഒഴിവാക്കിയും ആഭ്യന്തരമന്ത്രിക്ക് ശാലുമേനോനും സരിതയും തമ്മി ലുള്ള ബന്ധങ്ങളുൾപ്പെടെ നിർണ്ണായകമായ തെളിവുകളെല്ലാം നശിപ്പിച്ചു കൊണ്ട് കേസ് അട്ടിമറിക്കപ്പെട്ടതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്നാ വശ്യപ്പെട്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽകുമാർ, മാത്യൂ റ്റി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ ബഹു മാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

............(ബഹളം)............. അതെങ്ങനെയാണ്?.........(ബഹളം)..................അ ടിയന്തരപ്രമേയത്തിന് നോട്ടീസ് തന്നിട്ടുണ്ട്. അടിയന്തരപ്രമേയത്തിന്റെ അവ താരകൻ ശ്രീ. കോടിയേരി ബാലകൃഷ്ണന് സഭയിൽ പറയാനുള്ളത് പറയാം. അത് അങ്ങ് ജനങ്ങളോടാണ് പറയുന്നത്. അതിനുമുമ്പ് ആഭ്യന്തര വകുപ്പുമന്ത്രിക്ക് മറുപടി പറയാനുള്ള സന്ദർഭം കൂടി നൽകണം. .............(ബഹളം)........... ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതും മന്ത്രി മറുപടി പറയുന്നതുമെല്ലാം ജനങ്ങൾക്കുവേണ്ടിയാണ്, അവർ കേൾക്കാനാണ്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കൂ..... ............(ബഹളം)...........

(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശാലുമേനോനും ഒരുമിച്ചു നിൽക്കുന്ന ചിത്രം പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഉയർത്തിക്കാണിച്ചു)

മി. സ്പീക്കർ: ശ്രീ. സാജുപോൾ, അത് കണ്ടു. യെസ്.....യെസ്............

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പത്തനംതിട്ട കോന്നി അട്ടച്ചാലിൽ മല്ലേലിൽ വീട്ടിൽ താമസം, മല്ലേലിൽ ഇൻഡസ്ട്രീസ് ഉടമ ശ്രീ. ആർ. ശ്രീധരൻ നായരുടെ പക്കൽനിന്നും എറണാകുളം ചിറ്റൂർ റോഡിലെ ടീം സോളാർ റിന്യൂവബിൾ എനർജി സൊല്യൂഷൻ എന്ന പേരിൽ ഒരു സ്ഥാപനം നടത്തിവരുന്ന ലക്ഷ്മിനായരും ബിജുരാധാകൃഷ്ണൻ എന്ന ആർ.ബി. നായരും ചേർന്ന് ശ്രീ. ആർ. ശ്രീധരൻ നായർ സർക്കാർ അധീനതയിലുള്ള കിൻഫ്രാ പാർക്കിൽ നടത്തിവരുന്ന സ്ഥാപനത്തിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കാമെന്ന് വാഗ്ദാനം നൽകി 25-06-2012-ൽ 40 ലക്ഷം രൂപ കൈക്കലാക്കി വിശ്വാസവഞ്ചന നടത്തിയെന്ന് പരാതിപ്പെട്ട് ശ്രീ. ആർ. ശ്രീധരൻ നായർ ബഹുമാനപ്പെട്ട പത്തനംതിട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി -II മുമ്പാകെ 12-06-2013 തീയതിയിൽ അന്യായം സമർപ്പിച്ചു. ഈ അന്യായം സി.എം.പി. 4754/2013-ാം നമ്പറായി ഫയലിൽ സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകി കോന്നി പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചപ്രകാരം ഐ.പി.സി. 420, 34 എന്നീ വകുപ്പുകൾ അനുസരിച്ച് മേൽപ്പറഞ്ഞ ലക്ഷ്മിനായരേയും ആർ.ബി. നായരേയും പ്രതികളാക്കി. ക്രൈം നം. 656/2013 ആയി 14-06-2013-ൽ കേസ് രജിസ്റ്റർ

ചെയ്തു എന്നുള്ളതാണ് ഇതിലെ ഒരു കാര്യം. ഈ കേസ്സിനകത്ത് പറയുന്ന, നേരത്തെ ഇവിടെ പരാമർശിച്ചിരുന്ന ചില കാര്യങ്ങൾ കോടതിയുടെ മുമ്പിലുള്ളതുകൊണ്ട് ഗവൺമെന്റിന്റെ അക്സസ്സിൽ അത് എത്തിയിട്ടില്ല. ഗവൺമെന്റിന്റെ അക്സസ്സിൽ കിട്ടിയെങ്കിൽ മാത്രമേ എനിക്ക് അതിനെ സംബന്ധിച്ചൊരു മറുപടി പറയാൻ സാധിക്കുകയുള്ളു. അത് കോടതിക്ക് അകത്ത് നടന്നൊരു സംഭവമാണ്. ഗവൺമെന്റിന്റെ കയ്യിൽ അതിനെ സംബന്ധിച്ചുള്ള ഒരു ഡോക്യുമെന്റും ഇപ്പോഴില്ല. ആ ഡോക്യുമെന്റ് ഇല്ലാത്തിടത്തോളം കാലം എനിക്ക് പറയാനും സാധിക്കില്ല. മാത്രമല്ല, ഞാനത് പറഞ്ഞാൽ സബ്ജുഡീസ് ആയിപ്പോകുമെന്നുള്ളതുകൊണ്ട് ആ കാര്യങ്ങളിൽ കടക്കുന്നില്ല. രണ്ടാമത്തെ പ്രശ്നം, 01-06-2012 മുതൽ 30-06-2013 വരെ എന്റെ മൊബൈൽ ഫോൺ നമ്പറായ 9447018116-ലേയ്ക്ക് 87,000 ത്തോളം കോളുകളാണ് വന്നിട്ടുള്ളത്. അതിൽ, 23-05-2013-ൽ 19 സെക്കന്റ് നീളുന്ന ഒരു കോൾ മാത്രം ഈ നമ്പരിൽനിന്നും............(ബഹളം)..............

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം മറുപടി പറയട്ടെ. ബഹുമാനപ്പെട്ട മിനിസ്റ്റർ പറയുന്നത് കേൾക്കേണ്ടേ? .............(ബഹളം).............അദ്ദേഹം മറുപടി പറയട്ടെ.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ നമ്പരിൽ നിന്നും സരിതാ നായരുടെ നമ്പരിലേയ്ക്ക് തിരിച്ച് വിളിച്ചതായിട്ടാണ് കാണുന്നത്. തൃശ്ശൂർ ജില്ലയിൽ, ശ്രീ. റ്റി.എൻ. പ്രതാപന്റെ നിയോജകമണ്ഡലത്തിലെ ഒരു പരിപാടിയിൽ പങ്കെടുക്കവെയാണ് ഈ കോൾ ചെയ്തതായി കാണുന്നത്. മൂന്നാമത്തെ കാര്യം .........(ബഹളം)........... എനിക്ക് ശാന്തമായി മറുപടി പറയാനുള്ള ഒരു സാഹചര്യം വേണം അല്ലെങ്കിൽ ഞാൻ എന്തുചെയ്യും?

.........(ബഹളം)........... തട്ടിപ്പു കേസ്സിലെ പ്രതിയായ ഫിറോസിനെതിരെ നടപടിയെടുക്കണമെന്ന് കാണിച്ച് 25-11-2010-ൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ഗവൺമെന്റിനെ അറിയിച്ചിട്ടും ആ റിപ്പോർട്ടിന്മേൽ നടപടി നിലനിൽക്കേത്തന്നെ ഫിറോസിനെ അഡീഷണൽ ഡയറക്ടറായി പ്രൊമോട്ട് ചെയ്തത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണെന്നാണ് രേഖകളിൽ കാണുന്നത്. സോളാർ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മറ്റു കേസ്സുകളുടെ കൂട്ടത്തിൽ ഈ കേസ്സിന്റെയും അന്വേഷണം സൗത്ത് സോൺ എ.ഡി.ജി.പി.-യുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷിച്ച് വരുന്നുണ്ട്. ശ്രീ. ആർ. ശ്രീധരൻ നായരുടെ പരാതി പ്രകാരമുള്ള കേസ്സിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ ജോലി ചെയ്യുന്ന ടെന്നി ജോപ്പൻ കുറ്റക്കാരനെന്ന് കണ്ട് 28-06-2013-ൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. ടീം സോളാർ തട്ടിയെടുത്ത പണത്തെക്കുറിച്ച് വിശദമായ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പുരോഗമിക്കുന്നതിനനുസരിച്ച് നടപടി കൈക്കൊള്ളുന്നതാണ്. ശാലുമേനോൻ ഉൾപ്പെടെയുള്ള പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ശക്തമായ വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്. നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്തുന്നതാണ്. ഇതിൽ പ്രധാനമായും മൂന്നുനാല് കാര്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. ഒന്ന്, കേസ്സന്വേഷണം അട്ടിമറിച്ചിട്ടുണ്ടോ എന്നുള്ളതാണ്. ഈ കേസ്സിനെ സംബന്ധിച്ച മൊത്തത്തിലുള്ള കാര്യങ്ങൾ ഞാൻ ഇവിടെ പറഞ്ഞു. 2010-ൽ നടപടിയെടുക്കണമെന്ന് പറഞ്ഞിട്ടും അന്ന് നടപടിയെടുത്തില്ല. ഈ ഗവൺമെന്റ് എടുത്തിട്ടുള്ള ചില നടപടികളുണ്ട്. ഇതൊരു പ്രൈവറ്റ് കംപ്ലയിന്റാണ്. പ്രൈവറ്റ് കംപ്ലയിന്റെ അടിസ്ഥാനത്തിൽ സോളാർ തട്ടിപ്പ് സംബ

ന്ധിച്ച 30 കേസ്സുകൾ ഈ ഗവൺമെന്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം കൃത്യമായി നടന്നുകൊണ്ടിരിക്കുകയാണ്, നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. 2009-ൽ ശ്രീ. ബിജു രാധാകൃഷ്ണനേയും സരിതാ എസ്. നായരേയും അറസ്റ്റ് ചെയ്തതിനുശേഷം അവർ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിയുകയായിരുന്നു. ഞാൻ മറ്റു വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയമിക്കുകയും അവർക്ക് കിട്ടിയ തെളിവുകളുടെ അടിസ്ഥാനത്തിൽ 30 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അതിൽപ്പെട്ട ആളുകളെയെല്ലാം അറസ്റ്റു ചെയ്തുകൊണ്ടിരിക്കുകയുമാണ്. പ്രമുഖരായ എല്ലാ പ്രതികളേയും പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുമുണ്ട്.

സീൻ മഹസ്സർ തയ്യാറാക്കിയിട്ടില്ല എന്നുള്ളതാണ് രണ്ടാമത്തെ പ്രശ്നം. അതിന്റെ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്. ഫിറോസിന്റെ അറസ്റ്റിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ടവർ ആരായാലും അവർക്കെതിരെ ശക്തമായ നടപടി എടുത്തുകൊണ്ട് മുന്നോട്ടു പോകുന്നതാണ്. ദുർബലമായ വകുപ്പുകളനുസരിച്ചാണ് കേസ്സെടുത്തതെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇത്തരം കേസ്സുകൾ 420 വകുപ്പ് പ്രകാരം ചീറ്റിംഗ് കേസ്സുകളായാണ് എടുത്തിരുന്നത്. ഈ ഗവൺമെന്റും ഇത് ചീറ്റിംഗ് കേസ്സായിട്ടാണ് എടുത്തത്. അതുകൊണ്ട് ദുർബലമായ വകുപ്പാണ് എന്ന് പറയാൻ കഴിയില്ല. സ്വകാര്യ അന്യായത്തിന്റെ അടിസ്ഥാനത്തിൽ പണാപഹരണത്തിനും തട്ടിപ്പിനും വകുപ്പ് 420 പ്രകാരം (നിങ്ങളുടെ ഭരണകാലത്ത് ചെയ്തതുപോലെ) കേസ്സെടുത്തു.

തെളിവുകൾ നശിപ്പിക്കുന്നതിനുവേണ്ടി ശ്രമിച്ചു എന്ന് ഇവിടെ പറഞ്ഞു. ഒരു തെളിവും ഒരിടത്തും നശിപ്പിച്ചിട്ടില്ല. എന്നെക്കുറിച്ചുള്ള ഫോട്ടോയും വന്നല്ലോ; അപ്പോൾ തെളിവ് നശിച്ചോ? ശാലു മേനോന്റെ വീട്ടിൽ പോയിട്ടുണ്ടെന്ന് ഞാൻ തന്നെ സമ്മതിച്ചിട്ടുള്ളതാണ്. .....(ബഹളം). ..... എന്റെ കയ്യിൽ അവിടെയുള്ള മൊബൈൽ ടവർ ലൊക്കേഷന്റെ രേഖയു ണ്ട്. 28-4-2013-ന് വൈകുന്നേരം 8 മണിക്ക് എന്റെ മകനെ കാണുന്നതി നായി എനിക്ക് അമേരിക്കയിൽ പോകേണ്ടിയിരുന്നു. അന്ന് വൈകുന്നേരം 6 മണിക്ക് എറണാകുളത്ത് കലൂർ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ എ.പി. വിഭാഗത്തിൽപ്പെട്ടവരുടെ യോഗമുണ്ടായിരുന്നു. ആ യോഗത്തിൽ പങ്കെടുത്ത തിനുശേഷമാണ് ഞാൻ നെടുമ്പാശ്ശേരി എയർപോർട്ടിലെത്തുന്നത്. ചങ്ങനാ ശ്ശേരിക്ക് തൊട്ടപ്പുറത്തുള്ള ടവർ ലൊക്കേഷൻ തുരുത്തിയാണ്. 28-04-2013 -ന് വൈകുന്നേരം 4 മണി 10 മിനിട്ട് കഴിഞ്ഞ് 16 സെക്കന്റിന് ഞാൻ തുരുത്തി ടവറിലും 4 മണി 38 മിനിട്ട് കഴിയുമ്പോൾ ഞാൻ തിരുവല്ല ടവറിലു മാണ് നിന്നിരുന്നത്. അതിനിടയ്ക്കുള്ള സമയം ഞാൻ മാതാ അമൃതാനന്ദമയിയുടെ ഒരു യോഗത്തിൽ പങ്കെടുത്തിരുന്നു. ആ യോഗത്തിൽ പങ്കെടുത്തതിനുശേഷം ശാലു മേനോന്റെ വീട്ടിൽ 4 മണി 22 മിനിട്ടിനാണ് എത്തിയത്. ഞാൻ ആ ടവർ ലൊക്കേഷൻ വിടുന്നത് 4 മണി 28 മിനിട്ടിനാ ണ്. ശാലു മേനോന്റെ വീട്ടുപടിക്കൽനിന്ന് ഈ ടവർ ലൊക്കേഷൻ കഴിയണ മെങ്കിൽ ചുരുങ്ങിയത് 4 മിനിട്ടെങ്കിലും വേണം. പെരുന്നയിലെത്തി, എ.സി റോഡിലെത്താൽ 4 മിനിട്ടെങ്കിലും വേണം. 6 മിനിട്ടിൽനിന്ന് 4 മിനിട്ട് കുറ

ച്ചാൽ കിട്ടുന്ന സമയം ഞാനവിടെ ഉണ്ടായിരുന്നുവെന്നത് യാഥാർത്ഥ്യം തന്നെയാണ്. ഞാൻ അവിടെ ചെല്ലുമ്പോൾ മാവേലിക്കര മുനിസിപ്പൽ ചെയർമാനായ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ശ്രീ. മുരളി, ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ കൃഷ്ണകുമാരിയും മറ്റ് ചില പാർട്ടിക്കാരുമുണ്ട്. ഞാൻ ഇവിടെ പേര് പറഞ്ഞ് പാർട്ടിക്കാരെ ആക്ഷേപിച്ചു എന്ന് വരുത്തുന്നില്ല. കേരളത്തിലെ അറിയപ്പെടുന്ന എല്ലാ രാഷ്ട്രീയപ്പാർട്ടികളിലേയും മിക്ക ആളുകളും അവിടെയുണ്ടായിരുന്നു. ഞാനവിടെയുണ്ടായിരുന്ന സമയം ടവർ ലൊക്കേഷൻ പരിശോധിച്ചാൽ ആർക്കും മനസ്സിലാക്കാവുന്നതാണ്. ഈ കേസ് ഒരു കാരണവശാലും അട്ടിമറിക്കുന്ന പ്രശ്നമില്ല.

ശാലു മേനോനെ അറസ്റ്റ് ചെയ്ത് അവരുടെ ആഡംബര കാറിലാണ് കൊണ്ടുവന്നത് എന്നതാണ് മറ്റൊരാക്ഷേപം. അപ്പോൾ അവരെ അറസ്റ്റ് ചെയ്തിട്ടില്ലായിരുന്നു. 164 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തിയതിനുശേഷമാണ് അറസ്റ്റ് ചെയ്തത്. നാലുദിവസമായി ശാലു മേനോന്റെ വീടിനു ചുറ്റും പോലീസ് surveillance ഉണ്ടായിരുന്നു. തിരുവനന്തപുരം കോടതിയിൽ 164 പ്രകാരം സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തിയതിനുശേഷം അവരെ ചോദ്യം ചെയ്യാനായി വിളിക്കുന്നു. ഒരു വ്യക്തിയെ ചോദ്യം ചെയ്യാൻ വിളിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും നിരീക്ഷണങ്ങളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവരുടെ വണ്ടിയിൽത്തന്നെ യാത്ര ചെയ്യാൻ അനുവദിച്ചു. തിരുവനന്തപുരത്ത് എ.ഡി.ജി.പി യുടെ ഓഫീസിലെത്തി 8.30-ന് അറസ്റ്റ് രേഖപ്പെടുത്തിയതിനുശേഷം അവരെ പോലീസ് വണ്ടിയിലാണ് കൊണ്ടുപോയത്.

അറസ്റ്റിനുശേഷം ഒരു വ്യക്തിയെ സ്വന്തം വാഹനത്തിൽ പോകാൻ അനുവദിക്കില്ല. ചോദ്യം ചെയ്യുന്നതിനുവേണ്ടി കസ്റ്റഡിയിലെടുത്തപ്പോൾ ശാലു മേനോന്റെ വണ്ടിയിൽ അവരുടെ അമ്മയും പോലീസുമുൾപ്പെടെയുള്ളവരുണ്ടായിരുന്നു. ഇതൊക്കെ പരസ്യമായ കാര്യങ്ങളാണ്. ഇതിൽ ഒരു വിട്ടുവീഴ്ചയുമില്ല എന്ന് ഞാൻ പറയാൻ കാരണം ഞങ്ങൾ ഈ കേസ് സി.ബി.ഐ ക്ക് വിടാൻ ശ്രമിച്ചപ്പോൾ പ്രതിപക്ഷം അത് വേണ്ടെന്ന് പറഞ്ഞു. അവർ അങ്ങനെ പറഞ്ഞതിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത് ഈ കേസ്സിന്റെ അന്വേഷണം തൃപ്തികരമായി പോകുന്നുവെന്ന് പ്രതിപക്ഷംപോലും സമ്മതിക്കുന്നു എന്നാണ്. ഞങ്ങൾക്ക് ഇതിൽ മറച്ച് വയ്ക്കാൻ ഒന്നുമില്ല. ഞങ്ങൾ ജനങ്ങളുടെ മുന്നിൽ ട്രാൻസ്പരന്റായി നിൽക്കുകയാണ്. ഈ അന്വേഷണം ഏത് രൂപത്തിൽ നടത്തുന്നതിനും ഏത് ഏജൻസിയെ ഏൽപ്പിക്കുന്നതിനും ഞങ്ങൾക്ക് വിരോധമില്ല. അതിനെക്കുറിച്ചുള്ള ചില വാർത്തകൾ മാധ്യമങ്ങളിൽ വന്നപ്പോൾ അത് വേണ്ട എന്നുപറഞ്ഞ് മറു ഭാഗത്തുനിന്ന് പ്രസ്താനവനകൾ വന്നിരുന്നു. ഗവൺമെന്റ് കർക്കശമായി മുന്നോട്ട് പോകും. ഒരു കാര്യംകൂടി ഞാൻ ഓർമ്മിപ്പിക്കാം. ശ്രീ. ആർ. ശ്രീധരൻ നായരുടെ 164 സ്റ്റേറ്റ്മെന്റ് എപ്രകാരമാണ് രേഖപ്പെടുത്തിയതെന്ന് കേരളത്തിലെ ഒരു ലീഡിംഗ് ചാനലാണ് പുറത്തുകൊണ്ടുവന്നത്. ഈ ചാനലും ശ്രീ. ആർ. ശ്രീധരൻ നായരും തമ്മിലെന്താണ് ബന്ധം എന്നതിനെക്കുറിച്ചുകൂടി നമ്മൾ ആലോചിക്കണ്ടേ? ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കത്തക്ക വിധത്തിൽ ശ്രീ. ആർ. ശ്രീധരൻ നായരും ഈ ചാനലും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? അത് അന്വേഷിക്കട്ടെ. അതുകൊണ്ടാണ് എല്ലാവർക്കും സമ്മതമാകുന്ന വിധത്തിൽ അന്വേഷണം സി.ബി.ഐ ക്ക് വിടാമെന്നു പറഞ്ഞത്.

പക്ഷേ അത് സമ്മതിക്കാതിരിക്കാൻ കാരണമെന്താണ്? ഈ ഗവൺമെന്റിന് ഏത് രൂപത്തിലുള്ള അന്വേഷണം നടത്താനും ഒരു മടിയുമില്ല. നേരത്തെ നിങ്ങൾ പറഞ്ഞു സരിത എസ് നായർ ജയിലിൽ പ്രസവിച്ചെന്ന്, ജയിലിൽ അല്ല ഇവിടെയുള്ള മറ്റൊരു ആശുപത്രിയിലായിരുന്നു പ്രസവിച്ചത്. ഞാൻ ബാക്കി കാര്യങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. ഇതാണ് ഗവൺമെന്റിന് പറയാനുള്ള വിശദീകരണം.

മി. സ്പീക്കർ: അങ്ങേയ്ക്ക് പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇവിടെ ടീം സോളാറിനെക്കുറിച്ച് ധാരാളം തർക്കങ്ങളുണ്ടായല്ലോ. 2010 ഡിസംബർ 14-ാം തീയതി ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിൽ കേരള ഗവൺമെന്റിന്റെ ചിഹ്നത്തോടുകൂടി ടീം സോളാറിനുകൊടുത്ത പരസ്യമാണിത്. ഈ പരസ്യത്തിൽ (പത്ര പരസ്യത്തിന്റെ ഫോട്ടോകോപ്പി ഉയർത്തിക്കാണിച്ചുകൊണ്ട്) അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദന്റെയും ജലവിഭവ വകുപ്പുമന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെയും മറ്റൊരു മന്ത്രിയുടേയും മറ്റു പലരുടെയും ഫോട്ടോയുണ്ട്. കേരള ഗവൺമെന്റിന്റെ ഫണ്ടിൽനിന്നാണ് ഈ പരസ്യം കൊടുത്തിട്ടുള്ളത്. ടീം സോളാറിന് ആരാണ് കൂടുതൽ പ്രചരണം കൊടുക്കണമെന്ന് പറഞ്ഞത്? ഇതും അങ്ങേയ്ക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ സഭാസമ്മേളനം ചട്ടം 175-ാം വകുപ്പ് അനുസരിച്ചാണോ ചേരുന്നതെന്നാണ് എനിക്ക് സഭാദ്ധ്യക്ഷനോട് ആദ്യം ചോദിക്കാനുള്ളത്. നിയമസഭയുടെ നടപടിചട്ട

ത്തിൽ 175-ാം വകുപ്പ് അനുസരിച്ചാണ് രഹസ്യയോഗം ചേരാൻ അനുവാദമുള്ളത്. എന്തിനാണ് ഈ സമ്മേളനം രഹസ്യയോഗമാക്കി മാറ്റിയത്. ബഹുമാനപ്പെട്ട സഭാനേതാവിന്റെ നിർദ്ദേശപ്രകാരമാണോ ഇങ്ങനെ ചെയ്തത്. സഭാചട്ടം വായിച്ചുനോക്കിയാൽ അറിയാം. രഹസ്യയോഗത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിക്കുന്നവർക്ക് പങ്കെടുക്കാം. പൊതുജനത്തിന് പ്രവേശനം നിഷേധിച്ചത് എന്തടിസ്ഥാനത്തിലാണ്. മുമ്പും ഇങ്ങനെ ചെയ്തുവെന്ന് അങ്ങ് വായിച്ചല്ലോ. നിയമസഭാ സെക്രട്ടറി അന്ന് നോട്ടീസ് ഇറക്കിയതുപോലെ ഇപ്പോൾ ഇറക്കിയിട്ടുണ്ടോ? 50-ാം വകുപ്പുപ്രകാരം സഭ ചർച്ച ചെയ്യുന്ന വിഷയം പൊതുജനങ്ങൾ അറിയാൻ പാടില്ലെന്ന് സഭാനേതാവ് എന്തുകൊണ്ടാണ് നിർദ്ദേശിച്ചത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, സമരത്തിന്റെ പേരിൽ സഭയ്ക്കകത്ത് പ്രശ്നങ്ങൾ ഉണ്ടാക്കാൻ തീരുമാനിച്ചപ്പോൾ ഇതിനുമുമ്പും സന്ദർശകരെ കയറ്റാതിരുന്നിട്ടുണ്ട്. മാധ്യമപ്രവർത്തകരും വെബ്കാസ്റ്റിംഗുമുണ്ട്. ഈ സഭയെ ദുർവിനിയോഗം ചെയ്തുകൊണ്ട് സമരവേദിയാക്കാൻ എം.എൽ.എ. മാർ അല്ലാത്തവരെ കൂടി അനുവദിക്കണമെന്നുള്ളതാണെങ്കിൽ ബുദ്ധിമുട്ടാണ്, അത് നടക്കില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുമ്പും ഇങ്ങനെ ചെയ്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട സഭാനേതാവ് പറഞ്ഞു. അന്ന് നിയമസഭാ സെക്രട്ടറി ആർക്കും പ്രവേശനമില്ലെന്ന് നോട്ടീസ് ഇറക്കിയതുപോലെ ഇപ്പോൾ നോട്ടീസ് ഇറക്കിയിട്ടുണ്ടോയെന്നാണ് എനിക്ക് അറിയാനുള്ളത്. ഇവിടെ റൂൾ 50 അനുസരിച്ചുള്ള അടിയന്തരപ്രമേയ ചർച്ചയിൽ ഗവൺമെന്റിന് ദോഷകരമായിട്ടുള്ള ഭാഗങ്ങൾ വരാനിടയുണ്ടെന്ന് മനസ്സിലാക്കി പൊതുജനങ്ങളെ മാറ്റി

നിറുത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എപ്പോഴും പറയുന്നത്, പൊതുജനങ്ങളിൽ നിന്ന് അകന്നുനിന്നൊരു ജീവിതമില്ലെന്നാണ്. ഈ സഭയിൽ നിന്നെങ്കിലും ജനങ്ങളെ മാറ്റി നിർത്താൻ അദ്ദേഹം നിർദ്ദേശിച്ചില്ലേ; രഹസ്യയോഗമാക്കി ഈ സമ്മേളനം നടത്തേണ്ട സാഹചര്യമെന്താണ്? ഇത് രഹസ്യമായി ചർച്ച ചെയ്യേണ്ട വിഷയമല്ല. ..........(ബഹളം)........... ശ്രീ. കെ. സി. ജോസഫ് ചട്ടം പരിശോധിക്കണം. ചട്ടപ്രകാരം രഹസ്യയോഗമാണെങ്കിലും ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചാൽ മാധ്യമങ്ങൾക്ക് പ്രവേശനമുണ്ട്. സഭ രഹസ്യമായി യോഗം ചേരുമ്പോൾ പുറമേനിന്നുള്ള യാതൊരാളേയും ചേമ്പറിലോ ലോബിയിലോ ഗ്യാലറിയിലോ ഹാജരാക്കാൻ അനുവദിക്കില്ല, എന്നാൽ ബഹുമാനപ്പെട്ട സ്പീക്കർ അധികാരപ്പെടുത്തിയിട്ടുള്ള ആളുകൾക്ക് ചേമ്പറിലോ ലോബിയിലോ ഗ്യാലറിയിലോ ഹാജരാകാമെന്ന് ചട്ടം 75(2)-ൽ പറയുന്നു. ഈ ഇരിക്കുന്നവരെല്ലാം അങ്ങനെ വന്നവരാണ്. ഇതെന്തിന് രഹസ്യയോഗമാക്കി മാറ്റി? ഇതൊന്നും ശരിയല്ല. ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരാം. പ്രതിപക്ഷം ഉന്നയിച്ചിരിക്കുന്ന വിഷയം 10,000 കോടി രൂപയുടെ കുംഭകോണത്തിന്റെ സോളാർ തട്ടിപ്പ് സംബന്ധിച്ചാണ്. ..........(ബഹളം)........... 10,000 കോടി രൂപയില്ല 5 കോടി രൂപയേയുള്ളുവെന്ന് മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും പറയുന്നു. 10 കോടി രൂപയാണെന്ന് സരിത എസ്.നായർ പറയുന്നു. എന്തിനാണ് ഈ തട്ടിപ്പിന്റെ വ്യാപ്തി നിങ്ങൾ കുറച്ചുകാണിക്കാൻ ശ്രമിച്ചത്. ഇവിടെ ഇത്തരത്തിലുള്ള സംഭവങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ ഭരണപക്ഷം സ്വീകരിക്കുന്ന വഴിയെന്താണ്; പ്രത്യാരോപണങ്ങൾ ഉന്നയിക്കുകയെന്നതാണ്. അത്തരത്തിൽ പ്രത്യാരോപണങ്ങൾ ഉന്നയിച്ച് രക്ഷപെടാമെ

ന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്. ഇവിടെ ഉണ്ടായിട്ടുള്ള പ്രശ്നം അടിയന്തര പ്രമേയ നോട്ടീസിൽ പറഞ്ഞിട്ടുള്ളതാണ്. സോളാർ തട്ടിപ്പിന്റെ പ്രഭവ കേന്ദ്രം മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ആഫീസുമാണ്. അതിന് വെളിച്ചം വീശുന്ന വസ്തുതകളാണ് ഓരോ ദിവസം കഴിയുംതോറും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ശ്രീധരൻ നായർ ഇപ്പോൾ കൊടുത്തിട്ടുള്ള 164 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സംബന്ധിച്ച് എനിക്കറിയില്ല. അത് പുറത്തുവരുമ്പോൾ ഒരു അടിയന്തരപ്രമേയം കൂടി അങ്ങ് അനുവദിക്കുമായിരിക്കും. 164 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിന് മുമ്പ് ശ്രീധരൻ നായർ പത്തനംതിട്ട ജെ.എഫ്.എം.സി.-II മുമ്പാകെ ഒരു സ്വകാര്യ അന്യായം ഫയൽ ചെയ്തിട്ടുണ്ട്. ആ സ്വകാര്യ അന്യായത്തിൽ അദ്ദേഹം പറഞ്ഞത്, സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വേണ്ടി കേരള മുഖ്യമന്ത്രിയുടെ ആഫീസിൽ അദ്ദേഹത്തെ കൊണ്ടുപോവുകയും മുഖ്യമന്ത്രിയോടും മറ്റ് ഉദ്യോഗസ്ഥന്മാരുമായും സംസാരിക്കുകയും പ്ലാന്റ് തുടങ്ങാനുള്ള എല്ലാ സഹായങ്ങളും സർക്കാർ ഭാഗത്തുനിന്നും ഉണ്ടാക്കിത്തരാമെന്ന് വാഗ്ദാനം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇതിൽപ്പെട്ടതെന്നുമാണ്. ........ (ബഹളം) ...........വാഗ്ദാനം ചെയ്തത് മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ആഫീസിലുള്ളവരുമായതുകൊണ്ടാണ് താൻ തട്ടിപ്പിനിരയായതെന്ന് അദ്ദേഹം പറയുന്നു. ഇവിടെ പറയാൻ അനുവദിക്കാതിരുന്നിട്ട് കാര്യമില്ല. ഞങ്ങൾ പറയാൻ തീരുമാനിച്ചാണ് വന്നത്. ഞങ്ങൾക്ക് സഭാനടപടി നിറുത്തിവച്ച് ചർച്ച ചെയ്യണം. ഭരണപക്ഷത്തിന് പറയാനുള്ളതും ഞങ്ങളെക്കുറിച്ച് പറയാനുള്ളതും മുൻഭരണകാലത്തെക്കുറിച്ച് പയാനുള്ളതും പറയട്ടെ. സഭാനടപടി നിറുത്തിവച്ചാൽ രണ്ടുകൂട്ടർക്കും പറയാനുള്ളത് പറയാം. അതിനസവരം സൃഷ്ടിക്കാനാണ്

നോട്ടീസ് കൊടുത്തത്. ഈ പ്രവർത്തിക്ക് ശ്രീധരൻ നായർ വിധേയനായത് മുഖ്യമന്ത്രിയുമായി സംസാരിച്ചതിനുശേഷമാണ്. അദ്ദേഹത്തെ കണ്ടിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമോ? 2012-ൽ മുഖ്യമന്ത്രിയുടെ ആഫീസിൽ ശ്രീധരൻ നായർ വന്നു. ആ ഇന്റർവ്യൂ ശരിയാക്കിക്കൊടുത്തത് സരിതാ എസ്. നായരാണ്. ..........(ബഹളം)...........അങ്ങനെ മുമ്പും സരിത എസ്. നായർ വന്നിട്ടുണ്ടെങ്കിൽ അതും ജുഡീഷ്യൽ അന്വേഷണം നേരിടാൻ ഞാൻ തയ്യാറാണ്. ഈ കാര്യങ്ങൾ പറയുന്നത് തടസ്സപ്പെടുത്താൻ ഓരോ പ്രകോ പനം ഉണ്ടാക്കിയതുകൊണ്ട് കാര്യമില്ല. ഞാൻ പ്രകോപനങ്ങളിൽ വിധേ യനാകാൻ പോകുന്നില്ല. ഇന്റർവ്യൂ ശരിയാക്കി, ഇവിടെ ഹാജരാകണ മെന്നാവശ്യപ്പെട്ടുകൊണ്ട് സരിതാ എസ്. നായർ, ശ്രീധരൻ നായർക്ക് അയച്ച ഇ-മെയിലിന്റെ കോപ്പിയാണിത്. നിയമസഭ ഭരണപക്ഷംതന്നെ സ്തംഭിപ്പിച്ചിട്ട് ഞങ്ങളാണ് സ്തംഭിപ്പിക്കുന്നതെന്ന് പ്രചരിപ്പിക്കാനുള്ള പരിപാടിയാണോ? ഞങ്ങൾക്ക് പറയാനുള്ളത് നിങ്ങൾ കേൾക്കണം. ഞങ്ങൾക്ക് പറയാനുള്ള വേറെ എവിടെപ്പോയി പറയും. ശ്രീ. അടൂർ പ്രകാശിനെപ്പറ്റി ഞാൻ ഇപ്പോൾ പറയുന്നില്ല, പിന്നീട് പറയാം. ..........(ബഹളം)...........പറഞ്ഞാൽ അപ്പുറത്തിരി ക്കുന്നവർക്ക് പൊള്ളും. ശ്രീധരൻ നായർക്ക് മുഖ്യമന്ത്രിയെ കാണാനുള്ള മെസ്സേജ് അയക്കുന്നത് സരിതാ എസ്. നായരാണ്. ശ്രീധരൻ നായർ മുഖ്യമ ന്ത്രിയെ കാണാൻ വരുന്നു, കന്റോൺമെന്റ് ഗേറ്റിൽ ശ്രീധരൻ നായരുടെ കാർ കാണുമ്പോൾതന്നെ പോലീസ് സല്യൂട്ട് ചെയ്യുന്നു, കാർ അകത്തേയ്ക്ക് കട ത്തിവിടുന്നു, സരിതാ എസ്. നായർ സ്വീകരിക്കാൻ നിൽക്കുന്നു, മുഖ്യമന്ത്രി യുടെ ആഫീസിലേയ്ക്ക് കൂട്ടിക്കൊണ്ട് പോകുന്നു, ആഫീസിൽ മുഖ്യമന്ത്രി യില്ല. ടെന്നി ജോപ്പന്റെ റൂമിൽ ഇവരെ ഇരുത്തുകയും അഞ്ച് മിനിറ്റിനുശേഷം

മുഖ്യമന്ത്രി വരുമെന്ന് അദ്ദേഹം പറയുകയും ചെയ്യുന്നു. അഞ്ച് മിനിറ്റിനു ശേഷം മുഖ്യമന്ത്രി എത്തി ഇവരുമായി സംസാരിക്കുകയും ചെയ്യുന്നു. ശ്രീധ രൻ നായരെപ്പോലുള്ള ആളുകളാണ് ഇതിൽ പങ്കാളികളാകേണ്ടതെന്നും വൈദ്യുതിക്ഷാമം പരിഹരിക്കാൻ ഇതുമാത്രമേ വഴിയുള്ളുവെന്നും പറയുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇത് വിശ്വസിച്ചല്ലേ ശ്രീധരൻ നായർ ഈ ചെക്ക് കൈമാറിയത്? 3 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാൻ വേണ്ടിയാണ് ഈ തട്ടിപ്പിന് ഇരയായതെന്നാണ് അദ്ദേഹം 164 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിലല്ല, കോടതിയിൽ കൊടുത്ത സ്വകാര്യ അന്യായത്തിൽ പറയുന്നത്.

ഈ സ്വകാര്യ അന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇത് കൂട്ടിച്ചേർത്ത താണെന്ന് പറഞ്ഞപ്പോൾ ഇത് കൂട്ടിച്ചേർത്തതല്ല ഒറിജിനൽ പെറ്റീഷ നിൽത്തന്നെ ഇതുണ്ടെന്ന് കോടതി പറഞ്ഞില്ലേ? അതിന്റെ അടിസ്ഥാനത്തിൽ ടെന്നി ജോപ്പനെ പോലീസ് അറസ്റ്റ് ചെയ്തു. ടെന്നി ജോപ്പനെ പോലീസ് അറസ്റ്റ് ചെയ്തതിനുശേഷം മൊഴിയെടുത്തപ്പോൾ, ടെന്നി ജോപ്പൻ കൊടുത്ത മൊഴിയിൽ എന്താണ്, ഇവർ മുഖ്യമന്ത്രിയുടെ ഓഫീസിൽ വന്നുവെന്ന് സമ്മ തിച്ചില്ലേ? ടെന്നി ജോപ്പന്റെ വക്കീലും പറഞ്ഞില്ലേ? മുഖ്യമന്ത്രിയുടെ ഓഫീ സിൽ വന്ന് അവിടെ നിന്നാണ് പിന്നീട് ഇടപാടുകൾ നടന്നതെന്നും ഈ ഇട പാടുകൾ നടന്നതിൽ അവിടെ സന്തോഷ പ്രകടനം നടന്നുവെന്നും പറഞ്ഞു. അത് ഞങ്ങൾ പറഞ്ഞതാണോ? മുഖ്യമന്ത്രിയുടെ ഓഫീസിൽ സന്തോഷ പ്രകടനം നടന്നുവെന്നുള്ള കാര്യം ടെന്നി ജോപ്പനല്ലേ പറഞ്ഞത്? ഞങ്ങളാണോ ഇത് പറഞ്ഞത്? പറഞ്ഞതുപോലെ ഞങ്ങളിപ്പോൾ പുറത്തുപ റയുന്നില്ല. ചോദ്യം ചെയ്തതിനുശേഷം പോലീസ് കോടതിയിൽ കൊടുത്ത

മൊഴിയിലാണ് ഇതുള്ളത്. അതിനകത്തുതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുകയാണ്. ഇത്തരത്തിൽ ഈ മൊഴിയിൽത്തന്നെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടെന്നി ജോപ്പനെ പോലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ എഫ്.ഐ. ആർ. കൊടുത്തു. ടെന്നി ജോപ്പനാരാണ്, മുഖ്യമന്ത്രിയുടെ സന്തത സഹചാരി. മുഖ്യമന്ത്രിയുടെ നിഴൽ. മുഖ്യമന്ത്രിയുടെ പി.എ. അല്ലേ? ഈ ടെന്നി ജോപ്പനെ അറസ്റ്റ് ചെയ്ത് പോലീസ് കോടതിയിൽ എഫ്.ഐ.ആർ കൊടുത്തപ്പോൾ ആദ്യം ശ്രീധരൻ നായർ പറഞ്ഞ പ്രതികളുടെ ലിസ്റ്റിൽ ലക്ഷ്മി നായരും ബിജു രാധാകൃഷ്ണനുമാണുള്ളത്. എന്നാൽ ടെന്നി ജോപ്പനെ പ്രതിച്ചേർത്ത് ലിസ്റ്റ് കൊടുക്കുമ്പോൾ എഫ്.ഐ.ആർ-ൽ എന്തുകൊണ്ട് മുഖ്യമന്ത്രിയുടെ പേരുകൂടി ചേർത്തില്ല? അന്വേഷണ സംഘം അപ്പോഴാണ് അട്ടിമറി ആരംഭിക്കുന്നത്. കോടതി നിർദ്ദേശ പ്രകാരം ഈ പെറ്റീഷൻ കോന്നി പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചിട്ടുണ്ട്. കോന്നി പോലീസ് സ്റ്റേഷനിൽ ശ്രീധരൻ നായർ മൊഴികൊടുത്തപ്പോൾ മുഖ്യമന്ത്രിയുടെ പങ്ക് പറഞ്ഞപ്പോൾ ആ പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു ഇതൊക്കെ ചേർക്കണോ; ഇതിന്റെ ബുദ്ധിമുട്ട് നിങ്ങൾക്ക് അറിഞ്ഞുകൂടേ? ചേർത്തില്ല. അന്വേഷണ സംഘത്തിന്റെ മുമ്പിൽ അദ്ദേഹം പറഞ്ഞിട്ടും ചേർത്തില്ല. അതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം ഇപ്പോൾ കോടതിയിൽപ്പോയി 164 പ്രകാരം സ്റ്റേറ്റ്മെന്റ് കൊടുത്തത്. അതും കോടതി നിർദ്ദേശപ്രകാരമാണ്. ഇദ്ദേഹം മറ്റൊരു കോടതിയിൽപ്പോയി 164 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് എടുക്കണമെന്ന് പത്തനംതിട്ട കോടതിയാണ് പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിലാണ് റാന്നി മജിസ്ട്രേറ്റ് കോടതിയുടെ മുമ്പിൽ 164 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് എടുത്തിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയെ പ്രതി

ചേർക്കാതെ ഈ കേസ് എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. കുറ്റകൃത്യം നടന്ന സ്ഥലം മുഖ്യമന്ത്രിയുടെ ഓഫീസ് അല്ലേ? അവിടെ വന്ന് തെളിവെടുക്കണ്ടേ? Place of occurrence അവിടെയല്ലേ? അവിടെ ഇത് സംബന്ധിച്ച് തെളിവെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? അപ്പോൾ ഈ കേസ്സിന്റെ എല്ലാ നടപടികളും സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട ആഭ്യ ന്തര വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണോ? ഇത് സംബന്ധിച്ച് മഹസ്സർ തയ്യാ റാക്കണ്ടേ? അതൊന്നുംതന്നെ തയ്യാറാക്കാതെ ടെന്നി ജോപ്പന്റെ കേസ്സ് ടെന്നി ജോപ്പനിൽ മാത്രം ഒതുക്കിത്തീർക്കാനാണോ ഉദ്ദേശിക്കുന്നത്? ഇത് സംബന്ധിച്ച് ആ കേസ്സിൽത്തന്നെ 420 വകുപ്പ് അല്ലാതെ എന്തുകൊണ്ട് 120 (ബി) ചേർത്തില്ല. കുറെയാളുകൾ ചേർന്ന് നടത്തിയ ഗൂഢാലോചനയുടെ ഫലമായിട്ടല്ലേ ഈ കേസ്സ് ഉണ്ടായിരിക്കുന്നത്. 120 (ബി) ഇതിനകത്ത് ഇനിയും ചേർക്കാൻ തയ്യാറായിട്ടില്ല. സാധാരണഗതിയിൽ ഇത്തരം കേസ്സുകളിൽ ഐ.പി.സി. 420 പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്യുന്നത്. ഇത്തരം കേസുകൾ പരാതിക്കാരൻ പരാതി പിൻവലിച്ചാൽ അതോടുകൂടി ഇല്ലാതാകും. കോമ്പൗണ്ടുകളാകാൻ പറ്റുന്ന കുറ്റമാണ് ഇതിനകത്ത് ചുമത്തി യിട്ടുള്ളത്. ഏത് സമയത്തും വാദിയെപ്പിടിച്ച് ഈ കേസ്സ് ഇല്ലാതാക്കാം. അതുകൊണ്ട് വാദിയെപ്പിടിച്ച് കേസ്സുകൾ ഇല്ലാതാക്കാനല്ലേ ഇപ്പോൾ ശ്രമിക്കുന്നത്? കുരുവിള ഒരു പരാതികൊടുത്തു. ആ കുരുവിളയെ മറ്റൊരു കേസിൽ പിടിച്ച് അകത്താക്കി. പരാതികൊടുക്കുന്നവനെ ജയിലിലിടുന്ന ഒരു ഭരണം, ഈ ഭരണമല്ലാതെ മറ്റേതെങ്കിലുമൊരു ഭരണം ഈ കേരളത്തിലുണ്ടാ യിട്ടുണ്ടോ? ടെന്നി ജോപ്പൻ അറസ്റ്റ് ചെയ്യപ്പെട്ട സന്ദർഭത്തിൽ അദ്ദേഹം ഈ പരാതിക്ക് വിധേയമായ ഘട്ടത്തിൽ, ടെന്നി ജോപ്പൻ ഒരു സർക്കാർ ഉദ്യോഗ

സ്ഥനല്ലേ? സർക്കാരിന്റെ ശമ്പളം പറ്റുന്ന ഒരു ഉദ്യോഗസ്ഥനല്ലേ ടെന്നി ജോപ്പൻ? അങ്ങനെയുള്ള ഒരാളെ ഈ കേസിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ അഴിമതി നിരോധന നിയമപ്രകാരം 09, 10, 13 1 (ഡി), 13 1 (ഇ) എന്നീ വകുപ്പുകൾ പ്രകാരം എന്തുകൊണ്ട് കേസ് എടുത്തില്ല? മുമ്പ് മന്ത്രിയുടെ പി. എ.യൊന്നും കേസിൽ ഉൾപ്പെട്ടിരുന്നില്ല. ഇപ്പോൾ മന്ത്രിയുടെ പി.എ. ആയ ഒരാൾ ഈ കേസ്സിനകത്ത് കൂട്ടുപ്രതിയായി മാറിയാൽ എന്തുകൊണ്ട് ഇതിൽ അങ്ങനെയാരു വകുപ്പ് ചേർത്ത് കേസ്സെടുക്കാൻ തയ്യാറായില്ല? ക്രിമിനൽ നടപടി നിയമത്തിലെ 102-ാം വകുപ്പുപ്രകാരം ഈ പ്രതികളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തിചെയ്യേണ്ടതല്ലേ? അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇവരുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ടോ? ഇതിനകം കുറ്റവാളികളുടെ പട്ടികയിൽ വന്നിട്ടുള്ള ജിക്കുവിനെ എന്തുകൊണ്ടാണ് പിടികൂടാത്തത്? സലീംരാജിനെ എന്തുകൊണ്ടാണ്.... (ബഹളം).. ഈ കേസിൽ കൂട്ടുപ്രതിയാക്കാത്തത്? ഈ കേസിലുൾപ്പെട്ട ഡൽഹിയിലെ തോമസ് കുരുവിളയെ എന്തുകൊണ്ടാണ് ഇതിൽ കൂട്ടുപ്രതിയാക്കാത്തത്? ഇങ്ങനെ ഇവരെയൊന്നുംതന്നെ ചോദ്യം ചെയ്യുകയോ കൂട്ടുപ്രതിയാക്കുകയോ ചെയ്യാതെ ഈ കേസിൽ ഉൾപ്പെട്ടവരെയെല്ലാം രക്ഷിക്കുകയല്ലേ? ഇപ്പോൾ പറഞ്ഞു.....

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ... 15 മിനിട്ട് കഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ചുരുക്കാൻ പോകുകയാണ്. അവർ തടസ്സപ്പെടുത്തുന്നതുകൊണ്ടുമാത്രമാണ്. ഇപ്പോൾ 30 കേസ്സായി എന്നുപറഞ്ഞു. ഈ 30 കേസ്സുകളുടെ നിരീക്ഷണം ഇനിയും ശരിയായി നടക്കണമെങ്കിൽ ഒരു സ്പെഷ്യൽ കോടതി രൂപീകരിച്ച് ആ കോട

തിയുടെ നിരീക്ഷണത്തിൽ ഈ കേസ് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ? മുഖ്യമന്ത്രിക്ക് ഇതിനകത്തുള്ള പങ്ക് വെളിപ്പെടുത്തുന്ന കാര്യം പുറത്തുവന്നില്ലേ; ബിജു രാധാകൃഷ്ണനുമായി മുഖ്യമന്ത്രി നടത്തിയ ഒരു മണിക്കൂർ കൂടിക്കാഴ്ച. ഇത് എന്തിനുവേണ്ടിയാണ്? സരിതാ നായരുമായി മുഖ്യമന്ത്രി രണ്ട് പ്രാവശ്യം ഡൽഹിയിൽ വച്ച് നടത്തിയ കൂടിയാലോചന എന്തിനുവേണ്ടിയായിരുന്നു? ...... (ബഹളം)..... എന്നെ പ്രകോപിപ്പിക്കാൻ വേണ്ടിയാണ് ബഹളം വയ്ക്കുന്നത്. ഞാൻ ഈ പ്രകോപനത്തിൽ ഇപ്പോൾ ഏതായാലും വീഴാൻ പോകുന്നില്ല..... (ബഹളം).. ഇത്തരത്തിൽ ഇവരെ യൊന്നുംതന്നെ ഈ കേസിൽ ഉൾപ്പെടുത്താതെ ഇതുമായി ബന്ധപ്പെട്ട ആളു കളെ സംരക്ഷിച്ചു നിർത്തിക്കൊണ്ട് ഈ കേസ്സന്വേഷണം എങ്ങനെ മുന്നോട്ടു പോകാൻ സാധിക്കും? എനിക്ക് ഗുരുതരമായ ഒരു പ്രശ്നം ഉന്നയിക്കാനു ള്ളത് ഈ കേസിന്റെ അന്വേഷണത്തിൽ അട്ടിമറി ആരംഭിച്ചതാണ്. പോലീസ് സ്റ്റേഷനിൽ കൊടുത്ത ഒരു പരാതി അന്വേഷിക്കാൻ ആഭ്യന്തര വകുപ്പ് തയ്യാ റായില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എല്ലാം അന്വേഷിക്കുന്നു ണ്ടെന്നാണ് പറഞ്ഞത്. സെപ്റ്റംബർ മാസത്തിലാണ് ഇതു സംബന്ധിച്ച ആദ്യത്തെ പരാതി തലശ്ശേരി പോലീസ് സ്റ്റേഷനിലേയ്ക്ക് വരുന്നത്. തലശ്ശേരി പോലീസ് ഇതു സംബന്ധിച്ച് നടപടിയെടുക്കാതെ വന്നപ്പോൾ കോടതിയിൽ പരാതി കൊടുത്തു. കോടതി നിർദ്ദേശപ്രകാരമാണ് തലശ്ശേരി പോലീസ് കേസ്സെടുത്തത്. കണ്ണൂരിൽ നിരവധി പരാതികൾ വന്നു. കണ്ണൂർ പോലീസ് കേസ്സ് എടുത്തില്ല. അവിടത്തെ ഡിവൈ.എസ്.പി. ഈ പരാതിക്കാരുടെ മുമ്പിൽ വച്ച് സരിതാ നായരെ വിളിച്ച് മധ്യസ്ഥം പറയാൻ ആവശ്യപ്പെട്ടു. ആ ഡിവൈ.എസ്.പി.ക്ക് ഈ കേസ് മധ്യസ്ഥം പറയണമെന്ന് ആരാണ് നിർദ്ദേശം കൊടുത്തത്? ആ ഡിവൈ.എസ്.പി.യും ആഭ്യന്തര വകു

പ്പുമന്ത്രിയുടെ ഓഫീസും തമ്മിൽ ബന്ധപ്പെട്ടതായുള്ള രേഖ പുറത്തുവന്നിരിക്കുന്നു. ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്ന് നിർദ്ദേശം കൊടുത്തിട്ടാണോ ആ ഡിവൈ.എസ്.പി. ഈ കേസുകൾ ഒത്തുതീർപ്പാക്കാൻ ഇടപെട്ടത് എന്ന് ഈ സഭയ്ക്കറിയണം. തലശ്ശേരി പോലീസ് കേസ് ചാർജ്ജ് ചെയ്ത് അന്വേഷണവുമായി ബന്ധപ്പെട്ട്...

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.... എല്ലാത്തിനുമൊരു നിയമമില്ലേ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തീർച്ചയായും. ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. ഇതുമായി ബന്ധപ്പെടാത്ത ഒന്നും ഞാൻ പറയാൻ പോകുന്നില്ല. അവർ പ്രകോപിപ്പിച്ചാലും ഞാനൊന്നും പറയില്ല.

മി. സ്പീക്കർ: അതുശരി.. പക്ഷേ 18 മിനിട്ട് ആകുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മെയ് മാസം 23-ാം തീയതിയാണ് തലശ്ശേരിയിൽ നിന്ന് അന്വേഷണ സംഘം സരിതാ നായരെ പിടിക്കാൻ പുറപ്പെടുന്നത്. പക്ഷെ മെയ് മാസം 23-ാം തീയതി തലശ്ശേരിയിൽ നിന്ന് പുറപ്പെട്ട പോലീസ് സംഘത്തിന് എന്തു സംഭവിച്ചു; അവരെ സരിതാ നായരെ പിടിക്കാൻ അനുവദിച്ചില്ല. ആ പോലീസ് സംഘം പുറപ്പെട്ടപ്പോഴാണ് സരിതാ നായർ ആഭ്യന്തര മന്ത്രിയെ വിളിച്ചതെന്നതാണ് പ്രശ്നം. ഇവിടെ ആരെയും അങ്ങോട്ടുമിങ്ങോട്ടുമൊക്കെ ആരു വിളിച്ചാലും അതെല്ലാം കേസ്സുമായി ബന്ധമുണ്ടോ എന്നേ നോക്കേണ്ടതുള്ളൂ. ആ സമയത്താണ് സരിതാ നായർ വിളിച്ചത്. അതുകഴിഞ്ഞ് കുറച്ചുകഴിഞ്ഞപ്പോഴാണ് സരിതാ നായരെ ആഭ്യന്തരമന്ത്രി തിരിച്ചുവിളിച്ചത്. ആ സമയത്താണ് എന്നതാണ് പ്രശ്നം. ആഭ്യന്തര മന്ത്രി തിരിച്ചുവിളിച്ചപ്പോൾ എന്താണ് സരിതാ നായരോട് പറഞ്ഞത്? ആ തിരിച്ചുവിളിയോടുകൂടി തലശ്ശേരിയിലെ പോലീസ് സംഘം

തിരിച്ചുപോകുന്നു. ഈ തിരിച്ചുവിളിയോടുകൂടി ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കണ്ണൂർ ഡിവൈ.എസ്.പി.യെ വിളിച്ച് നിർദ്ദേശം കൊടുക്കുന്നു, തലശ്ശേരി പോലീസ് സംഘം തിരിച്ചുപോകുന്നു. ഈ പോലീസ് സംഘത്തെ പിന്തിരിപ്പിക്കാൻ വേണ്ടിയായിരുന്നില്ലേ ഈ ഫോൺ വിളി? അതാണ് ഈ ഫോൺ വിളിയുമായിട്ടുള്ള ബന്ധം. ഇത് കേസ്സിന്റെ ഇടപെടലിന്റെ ഭാഗമായിട്ടല്ലേ ആ അന്വേഷണ സംഘത്തിന് തിരിച്ചുപോകേണ്ടി വന്നത്. ആ അന്വേഷണ സംഘത്തിൽപ്പെട്ട എസ്.ഐ.യെ സ്ഥലം മാറ്റി. ആ പോലീസ് സംഘത്തിൽപ്പെട്ട രണ്ട് പേരെ കണ്ണൂർ റേഞ്ചിൽ നിന്ന് തൃശ്ശൂർ റേഞ്ചിലേയ്ക്ക് സ്ഥലം മാറ്റി. നിങ്ങളെന്തിനാണ് സരിതാ നായരെ പിടിക്കാൻ പോയത് എന്നുപറഞ്ഞ് അവരെ എന്തിനാണ് സ്ഥലം മാറ്റിയത്? അതിനെത്തുടർന്നാണ് മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ഫോൺ വിളികൾ പുറത്തുവന്നത്. ആ ഫോൺ വിളികൾ പുറത്തുവന്നുവെന്നതിന്റെ പേരിൽ പോലീസ് സംഘത്തെ ഹരാസ്സ് ചെയ്തവരോട് ചോദിക്കട്ടെ, ഇപ്പോൾ നിരവധിപ്പേരുടെ ഫോൺവിളികൾ സംബന്ധിച്ച ലിസ്റ്റ് എങ്ങനെയാണ് പുറത്തുവന്നത്? ഈ ലിസ്റ്റ് ആരാണ് പുറത്തുവിട്ടത്? ഞാൻ നോക്കുമ്പോൾ മറ്റ് കോളുകൾ പുറത്തുവന്നതുപോലെ പുറത്തുവന്നതല്ല. ഇതെല്ലാം എഡിറ്റ് ചെയ്തിട്ടാണ് കൊടുത്തിരിക്കുന്നത്. ഇത്ര മണിക്ക് ഇന്നയാൾ ഫോൺ ചെയ്തുവെന്ന് എഡിറ്റ് ചെയ്ത് കൊടുത്തിരിക്കുകയാണ്.

ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഈ ഫോൺ വിളി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് പുറത്തുവിട്ടപ്പോൾ ആഭ്യന്തര വകുപ്പുമന്ത്രിയുടെ കയ്യിലുള്ള ടെലഫോൺ മുഴുവൻ ആഭ്യന്തരവകുപ്പുമന്ത്രി പുറത്തുവിട്ടതല്ലേ? എഡിറ്റുചെയ്ത് പുറത്തുവിട്ടില്ലേ? അങ്ങനെ പുറത്തുവിട്ടപ്പോഴല്ലേ

കെ.പി.സി.സി. പ്രസിഡന്റിനെ വിളിച്ചുവെന്ന് പുറത്തുവിട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ എന്തിനുപുറത്തുവിട്ടു; ആഭ്യന്തര വകുപ്പുമന്ത്രിയുടെ കയ്യിലുള്ള ഈ ലിസ്റ്റ് എങ്ങനെ പുറത്തുപോയി? ബഹുമാനപ്പെട്ട അടൂർ പ്രകാശിന്റേയും ശ്രീ. ഷിബു ബേബി ജോണിന്റേയും ശ്രീ. അനിൽ കുമാറി ന്റേയും പേര് പുറത്തുവിട്ടത് ആഭ്യന്തര വകുപ്പല്ലേ? ആഭ്യന്തര വകുപ്പുതന്നെ സ്വന്തം മന്ത്രിമാർക്കെതിരെയുള്ള ഫോൺ കോളുകൾ പുറത്തുവിടുന്നു. മുഖ്യമന്ത്രിയുടെ ഓഫീസ് ആഭ്യന്തര വകുപ്പുമന്ത്രിക്കെതിരായിട്ടുള്ള ഫോൺകോളുകൾ പുറത്തുവിടുന്നു. ഇങ്ങനെയൊരു അരാജകത്വം ഭരണത്തിൽ ഉണ്ടായിട്ടുണ്ടോ? ഞാൻ ഒരു പ്രസക്തമായ കാര്യം പറയാം. പോലീസ് കസ്റ്റഡിയിലെടുക്കുന്ന.........

മി. സ്പീക്കർ: ശ്രീ കോടിയേരി ബാലകൃഷ്ണൻ, ഒരു അടിയന്തരപ്ര മേയം അവതരിപ്പിക്കുന്നതിന് ഒരു പരിധിയില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിയമപ്രശ്നങ്ങൾ ഈ സഭയിലല്ലാതെ പിന്നെ എവിടെ പറയണം.

മി. സ്പീക്കർ: നിയമപ്രശ്നം അടിയന്തര പ്രമേയത്തിലല്ല പറയേണ്ടത്. അതിന് വേറെ സമയം കണ്ടെത്തണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സഭ നിറുത്തിവച്ച് ചർച്ച ചെയ്യുമെ ന്നുണ്ടെങ്കിൽ ഞാൻ നിറുത്താം. അപ്പോൾ ഇതൊക്കെ പറയാൻ അവസരം കിട്ടുമല്ലോ.

മി. സ്പീക്കർ: അങ്ങനെ ചെയറിനെ സമ്മർദ്ദത്തിൽപ്പെടുത്തരുത്. പ്ലീസ് ....അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, Kerala Police Act-ലെ 31-ാമത്തെ വകുപ്പ് - **Police to keep information confidential-** (1) All information collected by the police in respect of the activities of any individual or institution, in the course of discharge of their duties shall be kept confidential except for the purpose of using such information for any official needs. Official needs - നുവേണ്ടിയിട്ടാണോ ഈ ടെലഫോൺ രേഖകളെല്ലാം പുറത്തുവിട്ടത്. മറ്റുള്ളവരെ ബ്ലാക്ക്മെയിൽ ചെയ്യാൻ വേണ്ടിയിട്ടല്ലെ ഈ ടെലഫോൺ കോളുകൾ പുറത്തുവിട്ടത്. സരിത എസ്. നായരെന്നു പറയുന്ന ആൾ പലയാളുകളേയും വലവീശിപ്പിടിക്കാൻ ശ്രമിച്ചിട്ടുണ്ടെന്ന് ഇതോടെ മനസ്സിലായി. ഇവരുടെ ഫോണിൽ നിന്ന് എനിക്കും ഒരു മെസേജ് അയച്ചുവെന്ന കാര്യം പുറത്തുപറയാനല്ലേ അവരയച്ച മെസേജുകളെല്ലാം പുറത്തുവിട്ടത്. പ്രതിപക്ഷത്തുള്ള ഒരു എം.എൽ.എ.യ്ക്കും ഒരു മെസേജു വന്നുവെന്ന് സ്ഥാപിക്കാനല്ലെ നിങ്ങൾ ആ മെസേജ് പുറത്തുവിട്ടത്. ഞാൻ നോക്കുമ്പോൾ എന്റെ ഫോണിൽ ഒരു ഗ്രീറ്റിംഗ്സ് മെസേജ് വന്നിരിക്കുന്നു. അറിയാത്ത ഒരാൾ ഗ്രീറ്റിംഗ്സ് അയച്ചാൽ ഞാൻ ആർക്കും മറുപടി അയയ്ക്കാറില്ല. അതുകൊണ്ട് ഞാൻ രക്ഷപ്പെട്ടു. ശ്രീ. അടൂർ പ്രകാശിന്റെ മെസേജസ് നിങ്ങൾ പുറത്തുവിടാൻ തയ്യാറുണ്ടോ? ഓരോരുത്തരും അങ്ങോട്ടുമിങ്ങോട്ടുമയച്ച മെസേജുകൾ പുറത്തുവിടാൻ തയ്യാറുണ്ടോ? ....(തടസ്സം).... ഞാൻ പറയട്ടെ, നിങ്ങൾ കുഴപ്പക്കാരനല്ല, തേക്കടിയിൽ പോയ രണ്ടുമന്ത്രിമാരുടെ കൂട്ടത്തിൽ നിങ്ങളില്ല. അതുകൊണ്ട് നിങ്ങളുടെ കാര്യം ഞാൻ പറയുന്നില്ല. സർ, ഇത്തരത്തിലുള്ള കാര്യങ്ങളെന്തിനാണ് പുറത്തു

വിട്ടത്? എനിക്ക് പറയാനുള്ള രണ്ട് പോയിന്റ്, നിയമവിരുദ്ധമായ ഒരു പ്രവർത്തനമാണ് ഇവിടെ ചെയ്തത്. പോലീസിന്റെ കയ്യിലുള്ള ടെലഫോൺ കോളുകൾ പുറത്തുവിട്ടത് നിയമവിരുദ്ധമാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സത്യപ്രതിജ്ഞാ ലംഘനം നടത്തിയിരിക്കുകയാണ്. ഭരണഘടന അനുസരിച്ച് സത്യം ചെയ്യുകയും രഹസ്യങ്ങളൊന്നും പുറത്തുവിടില്ല എന്ന് സത്യം ചെയ്യുകയും ചെയ്തിട്ട് ഈ ഫോൺ കോളുകൾ പുറത്തുവിട്ടത് എന്തിന്റെ അടിസ്ഥാനത്തിലാണ്? അതുകൊണ്ട് ഞങ്ങൾ പറയുന്നത് ഇതുസംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം.

മി. സ്പീക്കർ: അങ്ങ് ഇത് വളരെ നേരത്തെ പറഞ്ഞു. അഞ്ചുപ്രാവശ്യം പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒന്നുകൂടി പറഞ്ഞാലെങ്കിലും അങ്ങനെ ചെയ്യട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇനിയും അധികാര സ്ഥാനത്ത് തുടരാൻ പാടില്ല. ഈ 164 സ്റ്റേറ്റ്മെന്റ് വന്നതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഒരു നിമിഷംപോലും വൈകാതെ രാജിവച്ച് പുറത്തുപോകണം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശാലൂമേനോനെ സ്വന്തം കാറിൽ തിരുവനന്തപുരം വരെ കൊണ്ടുപോയി. സൺലൈറ്റ് ഘടിപ്പിച്ച കാർ ഉപയോഗിക്കാൻ പാടില്ലെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്. അതിനു വിരുദ്ധമായി പ്രവർത്തിക്കാൻ പോലീസിന് ആരാണ് അധികാരം കൊടുത്തത്?

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് സംസാരിക്കാൻ തുടങ്ങിയിട്ട്. 25 മിനിട്ടായി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആയിക്കോട്ടെ. ഇവിടെ സമയത്തിന്റെയല്ല പ്രശ്നം. എനിക്ക് പറയാനുള്ളത് ഞാൻ പറയട്ടെ.

മി. സ്പീക്കർ: സമയത്തിന്റെ പ്രശ്നമാണ്. നിയമസഭാ നടപടി ക്രമങ്ങളിൽ സമയം പ്രശ്നമാണ്. അങ്ങ് ഒരു വാചകം പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമവിരുദ്ധമായ പ്രവർത്തനത്തിന് ഞങ്ങൾക്ക് കൂട്ടുനിൽക്കാൻ സാധിക്കില്ല. ഇവിടെ പ്രതിപക്ഷത്തിനെതിരായി ആരോപണം ഉന്നയിച്ചിരിക്കുകയാണ്. ഞങ്ങൾക്കാർക്കെങ്കിലും ഇതുമായി ബന്ധമുണ്ടെങ്കിൽ അതു പുറത്തുവരട്ടെ. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഇതുമായി ബന്ധപ്പെട്ട കേസന്വേഷണത്തിൽ ആരെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അതും നടപടിക്ക് വിധേയമാക്കണം. അന്നത്തെ ഗവൺമെന്റ് എന്തെങ്കിലും സഹായം ചെയ്തുകൊടുത്തിട്ടുണ്ടെങ്കിൽ അതും അന്വേഷണ വിഷയമാക്കണം. ഇപ്പോൾ ഇവിടെ പറഞ്ഞല്ലോ ഞങ്ങളുടെ കാലത്ത് ഒരു പരസ്യം വന്നുവെന്ന്. ആ പരസ്യവും അന്വേഷിക്കട്ടെ. എല്ലാം ജുഡീഷ്യൽ അന്വേഷണത്തിന്റെ പരിധിയിൽ വരട്ടെ. അങ്ങനെ ഇതിൽപ്പെട്ട ഒരാളേയും രക്ഷപ്പെടാൻ അനുവദിക്കരുത്. പ്രതിപക്ഷത്തിന് നിങ്ങളുടെ യാതൊരു സൗജന്യവും വേണ്ട. ഞങ്ങളാരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ നിങ്ങൾ ജയിലിലിലടയ്ക്കൂ. പോലീസിനെ ഉപയോഗിച്ച് ഇവിടെ മുഴുവൻ ആളുകളേയും അടിച്ചമർത്തി കേരളം ഭരിക്കാമെന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? ഇന്നലെ മുഖ്യമന്ത്രിയുടെ കാറിന്റെ നേരെ കരിങ്കൊടി കാണിച്ചവരുടെ നേരെ നിങ്ങൾ വണ്ടികയറ്റിയില്ലേ; ഇതാണോ നിങ്ങ

ളുടെ ജനാധിപത്യം; നാടുമുഴുവൻ ലാത്തിച്ചാർജും, ടിയർഗ്യാസ് പൊട്ടിച്ചും കേരളം ഭരിക്കാം, അഴിമതിക്കാർക്ക് കൂട്ടുനിൽക്കാം എന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? അപ്പുറത്തിരിക്കുന്ന പല ആളുകളും ഞങ്ങളെ വിളിച്ചുവെന്ന് ആദ്യമേ പറഞ്ഞില്ലേ, അതുപോലെ തുറന്നുപറയാൻ മറ്റുള്ളവരെന്തുകൊണ്ട് തയ്യാറായില്ല? അതുകൊണ്ട് ഞങ്ങൾ പറയുന്നത്, ഞങ്ങൾ എന്തെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത് നിങ്ങൾ കണ്ടുപിടിക്കൂ.

മി. സ്പീക്കർ: അങ്ങിത് ഇപ്പോൾത്തന്നെ പത്തുപ്രാവശ്യം പറഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അപ്പുറത്തിരുന്ന് ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ ഇടയ്ക്കിടെ ഇടപെടുന്നത് കണ്ടു. അദ്ദേഹത്തിന് ഇതുമായിട്ടുള്ള ബന്ധമെനിക്കറിയാം. ഇപ്പോൾ ഞാനത് പറയുന്നില്ല. ഇങ്ങനെയുള്ള ഓരോരുത്തരുടേയും ബന്ധം ഇവിടെ പുറത്തുവരുന്നുണ്ട്. ഇപ്പോൾ നിങ്ങളുടെ കയ്യിലല്ലേ അധികാരമുള്ളത്; നിങ്ങളുടെ കയ്യിലല്ലേ ഭരണമുള്ളത്; നിങ്ങളുടെ കയ്യിലല്ലേ സി.ബി.ഐ; നിങ്ങളുടെ കയ്യിലല്ലേ കേന്ദ്ര ഭരണം. അതുകൊണ്ട് ഇപ്പുറത്തിരിക്കുന്ന ഞങ്ങളിൽ ആരെങ്കിലും കുറ്റക്കാരാണെങ്കിൽ, ഈ തട്ടിപ്പുസംഘത്തിന് എന്തെങ്കിലും സഹായം ചെയ്തുകൊടുത്തിട്ടുണ്ടെങ്കിൽ അതെല്ലാം അന്വേഷിക്ക്. ഒരു ജുഡീഷ്യൽ അന്വേഷണത്തിന് വിധേയമാകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാണോ? ഇന്നുതന്നെ മുഖ്യമന്ത്രി രാജിവച്ച് ഇറങ്ങിപ്പോകണം, ജുഡീഷ്യൽ അന്വേഷണത്തെ നേരിടണം. അന്വേഷണം നടത്തിയാൽ എല്ലാം പുറത്തുവരുമെന്നുള്ളതുകൊണ്ടല്ലേ ജുഡീഷ്യൽ അന്വേഷണത്തിന് നിങ്ങൾ തയ്യാറാകാത്തത്? അപ്പുറത്തുള്ളവരും ആരോപണത്തിന് വിധേയരായി, ഞങ്ങൾക്കെതിരായിട്ടും ആരോപണം ഉന്നയിച്ചിരിക്കുന്നു. സഭ നിറുത്തിവച്ച് ചർച്ച ചെയ്താൽ ഈ കാര്യങ്ങ

ളൊക്കെ പറയാൻ ഞങ്ങൾക്കും അപ്പുറത്തുള്ളവർക്കും അവസരം കിട്ടും. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ഈ സഭയോട് ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ വളരെ ശബ്ദഘോഷത്തോടുകൂടി പറഞ്ഞ കാര്യത്തിന് ഞാൻ പോയിന്റ് ബൈ പോയിന്റായി മറുപടി പറയാം. ഞാൻ കാടുകയറിയൊന്നും പറയുന്നില്ല. അങ്ങിവിടെ സൂചിപ്പിച്ച ഒരു കാര്യം, ബാങ്ക് അക്കൗണ്ട് ഫ്രീസ് ചെയ്തിട്ടുണ്ടെന്നതാണ്. പ്രാധാനപ്പെട്ട ബാങ്കുകളിലെല്ലാം അതിനുവേണ്ടിയുള്ള റിപ്പോർട്ട് നൽകിക്കഴിഞ്ഞിരിക്കുകയാണ്. ബാങ്ക് അക്കൗണ്ട് ഫ്രീസ് ചെയ്യത്തക്കവിധത്തിലുള്ള നടപടികൾ എടുത്തുകഴിഞ്ഞിരിക്കുകയാണ്. രണ്ടാമത് അങ്ങിവിടെ ചോദിച്ചത്, കണ്ണൂരിൽ നിന്ന് ഇവർ യാത്ര ചെയ്ത സമയത്തെക്കുറിച്ചാണ്. അതാണ് ടൈം ഫാക്ടർ എന്നു പറയുന്നത്. എന്റെ കയ്യിൽ ഗവൺമെന്റിന്റെ ഒരു ഓർഡറുണ്ട്. ഇത് കണ്ണൂർ പോലീസ് സൂപ്രണ്ടിന്റെ ഒരു കത്താണ്. (കത്ത് ഉയർത്തിക്കാണിച്ചു) On 01.06.2013 on getting secret information regarding the accused Lekshmi Nair @ Sarith S Nair in Thalasseri Police Station Crime No.1647/2012 u/s 420 r/w Section 34 IPC, Biju Jole Lukose SHO, Thalassery Police Station set for Trivandrum in a Toyoto Innova owned by Shamas, Thalassery, along with CPO 5150 Rajeevan, CPO 4311 Ajaykumar, CPO 5109 Nijesh P.P., CPO 5219 Sunil Kumar and WPC

5077 Sheeja. They reached Trivandrum on 2.6.2013 at around 7.00 AM. They proceed to the suspected flat at Ambalamukku and verified that the person residing there was not Saritha S. Nair. സർ, അവിടെ നിന്ന് 23-ാം തീയതിയൊന്നും പോകുന്നില്ല. 1-ാം തീയതി പോകുന്നതിന് അവർ കൊടുത്ത ഓർഡറാണ്. അവിടെ ഡിസ്ട്രിക് പോലീസ് ചീഫിന്റെ ഓർഡറില്ലാതെ അവർക്ക് പോരാൻ കഴിയുമോ? ഇത് ഒന്നാം തീയതിയാണ്.

അങ്ങ് തെറ്റിദ്ധാരണകൊണ്ടാണ് ഇതുപറഞ്ഞതെന്ന് എനിക്കറിയാം. അടുത്ത കാര്യം, അങ്ങ് പഴയ ഹോം മിനിസ്റ്ററാണ്. ക്രൈം റിക്കോർഡ്സ് ബ്യൂറോയോടൊപ്പമുള്ള സൈബർ ക്രൈമിലെ സി.ഡി. ഹോം മിനിസ്റ്ററുടെ കയ്യിൽ കിട്ടുമോ? ആ സി.ഡി. ഇരിക്കുന്നത് എവിടെയാണെന്ന് അങ്ങേയ്ക്ക് അറിയില്ലേ? ഇന്റലിജൻസിന്റെ കയ്യിൽപ്പോലും വരുന്നത് സി.ഡി.ആർ. ആണ്, പ്രിന്റൗട്ട് മാത്രമാണ്. ആ പ്രിന്റൗട്ട് എവിടെ വന്നിട്ടുണ്ടെന്നത് പരിശോധിച്ചുകൊള്ളൂ. അതുകൊണ്ട് ദയവായി ഉന്നത പോലീസുദ്യോഗസ്ഥന്മാരെ ആവശ്യമില്ലാതെ ഇതിനകത്തേക്ക് വലിച്ചിഴയ്ക്കരുത്. അങ്ങയുടെ കാലത്ത് അങ്ങയുടെ കീഴിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥന്മാരാണവർ, അവരുടെ ക്രെഡിബിലിറ്റിയെക്കുറിച്ച് അങ്ങേയ്ക്ക് നന്നായി അറിയാവുന്നതാണ്. ആഭ്യന്തര വകുപ്പുമന്ത്രിയുടെ കയ്യിൽ കേരളത്തിലെ മുഴുവൻ ടെലഫോണുകളുടെയും ലിസ്റ്റ് കാണുമെങ്കിൽ അതിനുവേണ്ടിത്തന്നെ എത്ര ഗോഡൗൺ വേണ്ടിവരും? അതൊന്നും ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിയന്ത്രണത്തിലല്ല, പോലീസ് സംവിധാനത്തിൽ അത് പോകും. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിട്ട് ഒരു കൊല്ലമേ ആയിട്ടുള്ളൂ. അങ്ങ് അഞ്ച്

കൊല്ലം ഇരുന്നതല്ലേ; അങ്ങേയ്ക്ക് ഇതെല്ലാം അറിയാമല്ലോ. എങ്ങനെയാണ് ഇതെല്ലാം പോകുന്നത്; എവിടെയാണ് ഇതെല്ലാം ഇരിക്കുന്നത്; എന്താണ് ഇതിന്റെ കോൾ റെക്കോർഡ്; എന്താണ് ഇതിന്റെ സി.ഡി.; എന്നെല്ലാം അങ്ങേയ്ക്ക് അറിയാവുന്നതല്ലേ? അതുകൊണ്ട് ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇതാണ് അതിന്റെ പ്രധാനപ്പെട്ട കാര്യം. ഇവിടെ ഈ കേസിലുൾപ്പെട്ട ഒരാളിനെയും ഒഴിവാക്കിയിട്ടില്ല. 28-04-2012-ന് ഒരു വീടിന്റെ പാലുകാച്ചൽ ചടങ്ങിന് ഞാൻ പോയി എന്നുള്ളത് നേരത്തേ സമ്മതിച്ചിട്ടുണ്ട്. അതവിടെ നിന്നോട്ടെ. ...... (ബഹളം) ...... ഞാൻ പറയുന്നതൊന്ന് കേൾക്കൂ, ഞാൻ ശാന്തമായി പറയുകയല്ലേ. 23-ാം തീയതിയിലെ ടെലഫോൺ കോൾ 19 സെക്കന്റ്. ഇവർ പുറപ്പെടുന്നതുതന്നെ 1-ാം തീയതിയാണ്. പിന്നെന്തിനാണ് ഇത് നേരത്തേയാക്കി ഒരു കഥ മെനയാൻ ശ്രമിക്കുന്നത്? ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇത് പറഞ്ഞതിലാണ് എനിക്ക് ദുഃഖം. കാരണം അദ്ദേഹത്തിന് ഇതെല്ലാം അറിയാം, ഇത് എവിടെയാണ്, എന്താണ് ഇതിന്റെ മർമ്മം എന്നുള്ളത് അഞ്ചുകൊല്ലം പോലീസ് വകുപ്പിന്റെ മന്ത്രിയായിരുന്ന അദ്ദേഹത്തിന് അറിയില്ലെന്നുപറഞ്ഞാൽ നമുക്ക് വിശ്വസിക്കാൻ പറ്റുമോ? അതൊന്നും ഇതിൽ ബന്ധപ്പെട്ട കാര്യങ്ങളല്ല. കേസന്വേഷണം വളരെ കൃത്യമായി അതിന്റെ മുറയ്ക്ക് പോകും. നേരത്തേ അങ്ങിവിടെ പറഞ്ഞ കാര്യങ്ങൾ, ലിസ്റ്റ്, ഫോൺ വിളി, ബാങ്ക് അക്കൗണ്ട് ഇതെല്ലാം അങ്ങ് പറഞ്ഞ പ്രധാനപ്പെട്ട പോയിന്റുകളാണ്. എല്ലാ കാര്യങ്ങളും കുറച്ച് പൊളിറ്റിക്സ് കൂടി മിക്സ് ചെയ്താണ് പറഞ്ഞത്. രാഷ്ട്രീയത്തിന് രാഷ്ട്രീയമായിട്ടുള്ള മറുപടി അത് വേറെ വന്നുകൊള്ളും, എനിക്ക് അതിലൊന്നും പങ്കില്ല. റെക്കോർഡനുസരിച്ച് ഗവൺമെന്റിന്റെ മുന്നിലുള്ള കാര്യങ്ങൾ

ഇതെല്ലാമാണ്. അതുകൊണ്ട് അങ്ങ് ദയവായി ഇതുപോലെയുള്ള തെറ്റിദ്ധാരണ നിലനിർത്തരുത്. ഞാൻ പരസ്യത്തെക്കുറിച്ച് പറഞ്ഞുവെന്ന് അങ്ങ് പറഞ്ഞു, ഞാൻ ഒരു സത്യം പറഞ്ഞതാണ്. ആ സത്യം എന്റെ മുന്നിൽ ഇരിപ്പുണ്ട്. അത് സത്യമല്ലെന്ന് നമുക്ക് പറയാൻ കഴിയുമോ? മാത്രമല്ല, അതിൽ പറഞ്ഞിട്ടുള്ള ഒരു വാചകം വേണമെങ്കിൽ ഞാൻ വായിച്ചു കേൾപ്പിക്കാം. അതിൽ പറഞ്ഞിട്ടുള്ളത്, 'I congratulate this year's award winners for their continued hard work and passion towards energy efficiency' എന്നാണ്. നോക്കിയാൽ മതി, ഞാൻ ഇത് മേശപ്പുറത്ത് വച്ചേയ്ക്കാം. ഞാൻ പേര് പറയുന്നില്ല. ഞാൻ അതിലെല്ലാം മാന്യമായ ഒരു നിലപാട് സ്വീകരിക്കുന്ന ഒരാളാണ്. പേരുപറയാൻ എന്നെ നിർബന്ധിച്ചാൽ ഞാൻ പറയാം. ഇതാണ് ആ പരസ്യം (പത്ര പരസ്യത്തിന്റെ ഫോട്ടോകോപ്പി ഉയർത്തിക്കാണിച്ചു.) ഇതിന്റെ അടിയിൽ വരച്ചിരിക്കുന്ന ഭാഗമാണ് ഞാൻ വായിച്ചത്. ഒന്നുകൂടി വായിച്ചുകേൾപ്പിക്കാം, 'I congratulate this year's award winners for their continued hard work and passion towards energy efficiency'. നമുക്ക് ആ രൂപത്തിലുള്ള energy efficiency........., ഞാൻ വളരെ സാധുവല്ലേ, ഇത്രയും continued effort-ഉം energy efficiency-യുമൊന്നും എനിക്കില്ല. ...... (ബഹളം) ......

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ...... (മൈക്ക് ഓഫ്) ......

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് എന്തിനാണ് തർക്കിക്കുന്നത്? അങ്ങയോട് എനിക്ക് ഒരു തർക്കവുമില്ലല്ലോ. ദയവായി

അങ്ങ് ശാന്തമായി ഇരിക്കൂ. ഞാൻ അങ്ങയോട് എല്ലാ ബഹുമാനവും വച്ചല്ലേ വർത്തമാനം പറയാറുള്ളൂ.

ശ്രീ. സി. ദിവാകരൻ: സർ, ...... (മൈക്ക് ഓഫ്) ...... നിയമസഭയെ തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു തെറ്റിദ്ധാരണയും വേണ്ട. ഞാനിത് മേശപ്പുറത്ത് വയ്ക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ കയ്യിൽ ഇത് വരും. അദ്ദേഹത്തിന്റെ കയ്യിൽ നിന്നും കോപ്പി ലഭിക്കും. അതു കൊണ്ട് ഇതൊന്നും ദയവായി ചെളി വാരിയെറിയുന്നതിനുവേണ്ടിയുള്ള പ്രയോഗമായി നടത്തരുത്. അത് തെറ്റാണ്. ഞാൻ വീണ്ടും പറയുന്നു, ഇവിടെപ്പറഞ്ഞ 164 സ്റ്റേറ്റ്മെന്റ്, ആ 164 സ്റ്റേറ്റ്മെന്റ് ഗവൺമെന്റിനുപോലും കിട്ടിയിട്ടില്ല. അത് ഉത്തരവുകിട്ടിയ ചീഫ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ എത്തിയിട്ടുണ്ടോയെന്നുപോലും ഞങ്ങൾക്കറിയില്ല. 164 സ്റ്റേറ്റ്മെന്റ് എങ്ങനെയാണ് റെക്കോർഡ് ചെയ്യുന്നത്? കൺസേൺഡ് ട്രയൽ കോടതി സമൻസ് അയച്ച് അതിന്റെ അടിസ്ഥാനത്തിൽ ഒരു മജിസ്ട്രേ റ്റിനെ ചുമതലപ്പെടുത്തി ആ മജിസ്ട്രേറ്റ് സമക്ഷം ഹാജരാകാൻ കക്ഷികളോട് പറഞ്ഞ് ഒരു ഇൻ-ക്യാമറയിൽ നടക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് എടുക്കലാണത്.

ശ്രീ. സി. ദിവാകരൻ: സർ, ...... (മൈക്ക് ഓഫ്) ......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങേയ്ക്ക് ഇഷ്ടപ്പെട്ടത് അങ്ങ് വായിച്ചോളൂ. ഞാൻ എനിക്ക് പറയാനുള്ളത് പറയട്ടെ. എനിക്ക് ഒരു ചോദ്യ മേയുള്ളൂ. ഇതെല്ലാം കൂടി കൂട്ടിവായിക്കണം. ഇതെല്ലാംകൂടി കൂട്ടിവായിക്കു മ്പോൾ 164 സ്റ്റേറ്റ്മെന്റ് ഉണ്ടെന്ന് നിങ്ങൾ പറയുന്നു. ചിലപ്പോൾ ബന്ധപ്പെട്ട ആൾ അത് കൊടുത്തിട്ടുണ്ടാകും. കൊടുത്ത ആൾതന്നെ നേരെ ഒരു

സ്വകാര്യ ടി.വി. ചാനലിൽ ഇതെല്ലാം കൊടുക്കുന്നു, ഇവിടെ അടിയന്തര പ്രമേയം വരുന്നു, അതിന്റെ അടിസ്ഥാനത്തിൽ ചർച്ച വേണമെന്ന് പറയുന്നു, മുഖ്യമന്ത്രി രാജി വയ്ക്കണമെന്ന് പറയുന്നു. അത് മാത്രം നടക്കുകയില്ല എന്ന് ഞങ്ങൾ പറഞ്ഞതിന്റെ കാരണം അതൊരു കണ്ടിന്യൂഡ് പ്ലോട്ടാണ്. ജനാധിപത്യ കേരളം അതിന് തലകുനിച്ചുകൊടുക്കുന്ന കാര്യമില്ല. അത് അനുവദിക്കാൻ സാധ്യമല്ല. പിന്നെ അങ്ങ് പറഞ്ഞല്ലോ, ഇവിടെ നാടുനീളെ പ്രകടനങ്ങൾ നടത്തുന്നത് ഞങ്ങൾ എന്തെങ്കിലും പറഞ്ഞിട്ടാണോ. ടീം സോളാറിന്റെ കമ്പനി രജിസ്റ്റർ ചെയ്തത് എന്നാണ്? ടീം സോളാറിന്റെ കമ്പനി കേരളത്തിൽ രജിസ്റ്റർ ചെയ്തത് 2010 ഡിസംബർ 14-ാം തീയതി, ഈ സപ്ലിമെന്റ് വന്നതിനുശേഷം. 2011-ൽ നിങ്ങളുടെ ഗവൺമെന്റ് പോകുന്ന ജനുവരി മാസം 3-ാം തീയതിയാണ് ടീം സോളാറിന് നിങ്ങൾ രജിസ്ട്രേഷൻ നൽകിയത്. ...... (ബഹളം) ...... അപ്രിയ സത്യം കേൾക്കുമ്പോൾ ദുഃഖിക്ക രുത്, രജിസ്ട്രേഷൻ നൽകുന്ന സമയത്ത് ഇവർ കേസ്സിലെ പ്രതികളാണോ യെന്ന് പരിശോധിച്ചോളൂ; ഇവർ കേരളത്തിൽ ക്രിമിനൽ കേസ്സിലെ പ്രതികളാ യിരുന്നു. ആ ക്രിമിനൽ കേസ്സിലെ പ്രതികൾ, അവർതന്നെ പെയ്ഡ് അപ്പ് ക്യാപ്പിറ്റലായി 10 ലക്ഷം രൂപ കൊടുത്ത് ഇവിടെ ടീം സോളാർ കമ്പനി രൂപീകരിച്ചു. അതിന്റെ രജിസ്ട്രേഷൻ അങ്ങയുടെ ഗവൺമെന്റാണ് കൊടുത്തത്. ഞങ്ങളെ എന്തിനാണ് വെറുതേ കുറ്റപ്പെടുത്തുന്നത്? കമ്പനി യുടെ രജിസ്ട്രേഷൻ, സപ്ലിമെന്റ്, ബാക്കി കാര്യങ്ങൾ ഇതെല്ലാം ഈ സഭ യുടെ മുന്നിൽ നിൽക്കുകയാണ്. അതുകൊണ്ട് ഇത് വളരെ ട്രാൻസ്പാരന്റാ യതിനാൽ........, ഇതുസംബന്ധിച്ച് മുഖ്യമന്ത്രി മറുപടി പറയും. അതിനുശേഷം ചർച്ച ചെയ്യുന്ന കാര്യം അദ്ദേഹംതന്നെ സൂചിപ്പിക്കും.

**വ്യക്തിപരമായ വിശദീകരണം**

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ സംസാരമദ്ധ്യേ ഒരു ...... (ബഹളം) ......

ശ്രീ. സി. ദിവാകരൻ: സർ, ...... (മൈക്ക് ഓഫ്) ...... അദ്ദേഹത്തിന്റെ പേര് പറഞ്ഞില്ല. അങ്ങനെയാണെങ്കിൽ എല്ലാവർക്കും പറയാൻ അവസരം നൽകണം. ഞങ്ങളെക്കുറിച്ചും പറഞ്ഞു.

മി. സ്പീക്കർ: മിനിസ്റ്ററിനെ ഫോക്കസ് ചെയ്ത് പറഞ്ഞതാണ്. നിങ്ങളെയൊന്നും പേഴ്സണലായി പറഞ്ഞില്ല ശ്രീ. സി. ദിവാകരൻ ...... (ബഹളം) ......

ശ്രീ. എ. പി. അനിൽ കുമാർ: സർ, എനിക്കിത് പറയണം. പ്രതിപക്ഷ ഉപനേതാവ് എന്റെ പേര് സൂചിപ്പിച്ചില്ലെന്ന് ഇവിടെ പറഞ്ഞു. പക്ഷെ ഞാൻ നടത്തിയ ഒരു യാത്രയുടെ പേരിൽ കഴിഞ്ഞ 6-7 മാസങ്ങളായി മാനസിക മായി വളരെയേറെ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ ജില്ലകളിൽ നടക്കുന്ന പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായാണ് ഞാൻ തേക്കടിയിൽ പോയത്. അന്നുമുഴുവനും ഇടുക്കിയിൽ പ്രോഗ്രാമുണ്ടായിരുന്നു. അടുത്ത ദിവസം എനിക്ക് കുമിളിയിലും പ്രോഗ്രാമു ണ്ടായിരുന്നു. എല്ലാ പ്രോഗ്രാമിന് പോകുമ്പോഴും നേരത്തേകൂട്ടി പാർട്ടി പ്രസിഡന്റുമാർക്കും ഉത്തരവാദപ്പെട്ട എം.എൽ.എ.-മാർക്കുമെല്ലാം പ്രോഗ്രാം അയച്ചുകൊടുക്കാറുണ്ട്. ഞാൻ തേക്കടിയിൽപോയി മടങ്ങിവന്ന് രണ്ട് ദിവസം കഴിഞ്ഞതിനുശേഷം ചില പത്രങ്ങളിൽ ഒരു വാർത്ത വന്നു,

യാത്രക്കിടയിൽ എന്റെ ബോട്ട് മരക്കുറ്റിയിൽ തട്ടിമറിയുകയും രാത്രി വിജന മായ സ്ഥലത്ത് ഞാൻ ഒറ്റപ്പെട്ടുനിന്നുവെന്നും വനം വകുപ്പിന്റെ ബോട്ടുവന്ന് എന്നെ രക്ഷപ്പെടുത്തി എന്നുമാണ് വാർത്ത. അത് വായിച്ചപ്പോൾ ഒരു തമാശയായാണ് എനിക്ക് തോന്നിയത്. ഞാൻ പോയത് ടൂറിസം വകുപ്പിന്റെ ബോട്ടിലായിരുന്നു. അൽപ്പദൂരം സഞ്ചരിച്ചുകഴിഞ്ഞപ്പോൾ വേണ്ടത്ര വെളിച്ച മില്ലെന്ന് തോന്നിയതിനാൽ ബോട്ട് തിരിച്ചുവിടാൻ ഞാൻ പറഞ്ഞു. തിരിച്ചു വന്ന് ഞാൻ മടങ്ങിപ്പോകാൻ തുടങ്ങുമ്പോൾ, അവിടെയുണ്ടായിരുന്ന വനം വകുപ്പിന്റെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ ഇടപെട്ട് അവരുടെ ബോട്ട് നല്ല ബോട്ടാണെന്നും വേണമെങ്കിൽ അതിൽ അങ്ങോട്ട് പോകാമെന്നും പറഞ്ഞു. സത്യത്തിൽ ഞാൻ പോകേണ്ട എന്നുവച്ചതാണ്. എന്റെ കൂടെയുണ്ടായിരുന്ന ഗൺമാനും ഡ്രൈവറും അവരുടെ താൽപ്പര്യവുംകൂടി പറഞ്ഞു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് ചുരുക്കി പറയണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എനിക്കിത് പറയാൻ കുറച്ച് സമയം അനുവദിക്കണം. കാരണം 6-7 മാസക്കാലമായി എനിക്ക് മനോവിഷമം......

മി. സ്പീക്കർ: അങ്ങേയ്ക്ക് മനോവിഷമം ഉണ്ടായിരുന്നുവെങ്കിൽ അത് ഒരു പ്രസ്മീറ്റിലൂടെ നേരത്തേ ക്ലാരിഫൈ ചെയ്യാമായിരുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എനിക്ക് അൽപ്പസമയം അനുവദിക്കണം.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ...... (മൈക്ക് ഓഫ്) ......

മി. സ്പീക്കർ: നിങ്ങളാരും ആക്ട് ചെയ്യേണ്ടതില്ല ശ്രീ. ടി. എൻ. പ്രതാപൻ. സമയം അനുവദിക്കാൻ എനിക്കറിയാം. അവിടെയിരുന്ന് നിയന്ത്രിക്കേണ്ട. ഞാൻ പലപ്പോഴും വാൺ ചെയ്തിട്ടുണ്ട്.

ഞാൻ ആവശ്യത്തിന് സമയം അനുവദിച്ചുകൊള്ളാം. നിങ്ങൾ ഇടപെട്ട് കൂടുതൽ സമയം അനുവദിക്കണമെന്ന് പറയേണ്ട. അതൊന്നും ഇവിടെ വേണ്ട.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വനം വകുപ്പിന്റെ ബോട്ടിലാണ് ഞാൻ പിന്നീട് ലെയ്ക്ക് പാലസിലേക്ക് പോയത്. ഞാൻ പിറ്റേദിവസം തിരിച്ചുവന്നു. ഞാൻ രാത്രി ഏതാണ്ട് 8.00 മണിക്ക് അവിടെ എത്തി. അടുത്തദിവസം രാവിലെ 9.30 ന് തിരിച്ചുവന്നു. ഞാൻ തിരിച്ചുവന്ന് രണ്ടു ദിവസം കഴിഞ്ഞതിനുശേഷമാണ് രാത്രി കാലങ്ങളിൽ യാത്ര നടത്താൻ പാടുള്ളതല്ലെന്ന വാർത്ത വന്നത്. എനിക്കത് അറിയാത്ത ഒരു കാര്യമായിരുന്നു. അന്ന് വാർത്ത വന്നപ്പോൾ എനിക്ക് തെറ്റായി തോന്നി, അതുകൊണ്ട് ഞാൻ ഉടനെ ഗസ്റ്റ് ഹൗസ് മാനേജരെ വിളിച്ചു. അഞ്ചു മണിക്ക് ശേഷം യാത്ര ചെയ്യാൻ പാടില്ല എന്നുണ്ടെങ്കിൽ നിങ്ങൾ അത് എന്തുകൊണ്ട് എന്നെ അറിയിച്ചില്ല, എന്ന് വിളിച്ചു ചോദിച്ചു. അഞ്ചു മണിവരെ എന്നത് അവിടെ വരുന്ന സഞ്ചാരികൾക്കാണ് എന്ന് അദ്ദേഹം എന്നോട് പറഞ്ഞു. നമ്മുടെ ലെയ്ക്ക് പാലസിൽ വരുന്നവർക്ക് രാത്രിയിലും വരാനുള്ള സൗകര്യം നമ്മൾ ഒരുക്കിക്കൊടുക്കാറുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അന്ന് എന്നോട് പറഞ്ഞ ആളുകൾ...... ഇന്ന് ഇത് വലിയ വിവാദമായി. ഞാൻ ഒരക്ഷരം മിണ്ടിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന മന്ത്രിമാർ രാത്രി യാത്ര നടത്തിയത് അന്ന് എനിക്കറിയാമായിരുന്നു. പക്ഷെ, ഞാൻ ആരോടും പറഞ്ഞില്ല. അന്നത്തെ ഭരണപക്ഷ എം.എൽ.എ.മാർ യാത്ര നടത്തിയത് ഞങ്ങളുടെ രേഖയിലുണ്ട്. അതും ഞാൻ ആരോടും പറഞ്ഞില്ല. അതുപോലെ തന്നെ, ഉന്നത ഉദ്യോഗസ്ഥന്മാർ, റിട്ടയേർഡ് ജഡ്ജിമാരൊക്കെ രാത്രി യാത്ര നടത്തി

യിട്ടുണ്ട്. ഇവരൊക്കെ എന്നോട് പറഞ്ഞു, ഇത് ജനങ്ങളോട് പറയണമെന്ന്. പക്ഷേ ഞാൻ പറഞ്ഞില്ല. കാരണം, രാത്രി പോയി എന്ന ഒരു തെറ്റ് ഞാൻ ചെയ്തു, അതിന് ഇവരൊക്കെ പോയി എന്ന് പറഞ്ഞു കഴിഞ്ഞാൽ അത് ന്യായീകരിക്കാൻ കഴിയുന്ന ഒന്നല്ല എന്ന തിരിച്ചറിവുള്ള ഒരാളായതുകൊണ്ടാണ് ഞാൻ അത് പറയാതിരുന്നത്. ഇപ്പോൾ സോളാറുമായി ബന്ധപ്പെട്ട വാർത്തകൾ വന്നു കഴിഞ്ഞപ്പോൾ വീണ്ടും പറയുന്നു. ഞാനോർക്കുന്നു, ബി.ജെ.പി.യുടെ സംസ്ഥാന നേതാവ് ശ്രീ. സുരേന്ദ്രൻ രണ്ടു ദിവസം കഴിഞ്ഞപ്പോൾ പറഞ്ഞു. രണ്ട് ബോട്ട് കൂടാതെ മൂന്നാമതൊരു ബോട്ടുമുണ്ടായിരുന്നു. ആ ബോട്ടിൽ വേറെ ചിലരുണ്ടായിരുന്നു എന്ന രീതിയിൽ വാർത്ത വന്നു. സർ, എന്തു മാത്രം മാനസിക പ്രയാസങ്ങളുണ്ടാക്കിയ കാര്യങ്ങളാണ്, ഞാൻ ഒരുപാട് സംഘർഷങ്ങൾ അനുഭവിച്ച സമയമാണ്. അതിനെക്കുറിച്ചും ഞാൻ മറുപടി പറഞ്ഞില്ല. പക്ഷെ, ഇപ്പോൾ ഏറ്റവുമൊടുവിലായി അന്ന് ഉണ്ടായിരുന്നത് സോളാർ തട്ടിപ്പുകേസിലെ പ്രതിയാണെന്നുള്ള രീതിയിലുള്ള വാർത്ത വരുന്നു. കഴിഞ്ഞ പത്ത് മുപ്പത് വർഷമായി പൊതു പ്രവർത്തനം നടത്തുന്നയാളാണ് ഞാൻ. യാഥാർത്ഥ്യത്തിന്റെ എന്തെങ്കിലും ഒരംശം അതിലുണ്ടായിരുന്നെങ്കിൽ അന്ന് ഈ കേസ്സിലെ പ്രതിയെന്നല്ല ഏതെങ്കിലുമൊരു സ്ത്രീ അവിടെ ഹോട്ടലിൽ താമസിച്ചു എന്ന് നിങ്ങൾ തെളിയിക്കുകയാണെങ്കിൽ ഞാൻ എം.എൽ.എ. സ്ഥാനവും മന്ത്രി സ്ഥാനവും പൊതുപ്രവർത്തനവും രാജി വയ്ക്കും. എന്താണ് ഇതിന്റെ അർത്ഥം. ആടിനെ പട്ടിയാക്കുകയും പട്ടിയെ............ നോ... നോ... ഒരുകാര്യകൂടി പറയാം. എന്നോട് ചോദിച്ചല്ലോ. ......(ബഹളം)............. പ്ലീസ്, അങ്ങ് ചോദിച്ചല്ലോ എന്റെകൂടെ ആരാണ് ഉണ്ടായിരുന്നതെന്ന്. എനിക്ക് മുപ്പതോളം സ്റ്റാഫുണ്ട്. ...........(ബഹളം).......

<u>മി. സ്പീക്കർ</u>: യെസ്.......യെസ്....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഒറ്റ കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. അങ്ങ് ചോദിച്ചു എന്റെ കൂടെ ആരാണ് ഉണ്ടായിരുന്നതെന്ന്. എനിക്ക് മുപ്പതോളം സ്റ്റാഫുണ്ട്. ആ സ്റ്റാഫി ലെനിക്ക് രക്തബന്ധമുള്ള ഒരാളെയുള്ളൂ. എന്റെ അച്ഛന്റെ അനുജന്റെ മകൻ എന്റെ സ്വന്തം അനുജൻ, എന്റെ ഡ്രൈവറാണ്. അവനായിരുന്നു എന്റെകൂടെ ഉണ്ടായിരുന്നത്. സ്വന്തം അനുജനോടൊപ്പം ഇത്തരത്തിലുള്ള പരസ്ത്രീ ബന്ധത്തിന് ആരെങ്കിലും പോകുമെന്ന് വിശ്വസിക്കുന്നുണ്ടോ? അതല്ലേ അന്വേഷിക്കേണ്ടത്. അത് അന്വേഷിക്കാതെ പൊതു പ്രവർത്തനം നടത്തുന്ന എന്നെപ്പോലെയുള്ളവരെ ഇങ്ങനെ പറയുന്നത് നിർഭാഗ്യകരമാണെന്ന് മാത്രമേ പറയുന്നുള്ളൂ.

## സോളാർ കേസിലെ അട്ടിമറി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയ ത്തിൽ ശ്രീധരൻ നായരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ എന്നെക്കൂടി പ്രതിയാക്കേണ്ടതാണെന്നും മുഖ്യമന്ത്രിയെന്നുള്ള സ്ഥാനത്തിരുന്നുകൊണ്ട് കേസ് ശരിയായ വിധത്തിൽ പോകാതെ അതിൽ നിന്ന് രക്ഷപ്പെടുന്നു എന്നും ഇവിടെ പറഞ്ഞു. എനിക്ക് ഒരു സാധാരണ ഇന്ത്യൻ പൗരന് കിട്ടേണ്ട പരിരക്ഷ കിട്ടിയാൽ മതി. അതിനപ്പുറത്ത് ഒന്നും ഞാൻ ആഗ്രഹിക്കുന്നില്ല, ഞാൻ അവകാശപ്പെടുന്നില്ല..........(ബഹളം)............ ഈ സഭ തുടർച്ചയായി എട്ടാം ദിവസമാണ് ഈ പ്രശ്നം ചർച്ച ചെയ്യുന്നത്. ഞാൻ വ്യക്തമായ ഉറപ്പ് ഈ സഭയ്ക്ക് തന്നു. ഈ കേസ് അന്വേഷണം ശരിയായ ദിശയിൽ തന്നെ പോകും. ഇതുവരെ നടന്ന ഓരോ സംഭവങ്ങളും നോക്കൂ, ഏറ്റവും ഒടുവിൽ

നിങ്ങൾ ഇപ്പോൾ പറയുന്ന 164 സ്റ്റേറ്റ്മെന്റ്, ഈ സ്റ്റേറ്റ്മെന്റ് ശ്രീധരൻ നായരെക്കൊണ്ട് എടുപ്പിക്കുന്നതിന് സാഹചര്യമൊരുക്കിയത് പോലീസാണ്. അദ്ദേഹം അന്വേഷണ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടതനുസരിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ ഡയറക്ട് ചെയ്ത് കൊടുത്തതാണ്. സത്യം ആർക്കും മൂടിവയ്ക്കാൻ കഴിയില്ല. ശ്രീധരൻ നായരുടെ കേസുമായി ബന്ധപ്പെട്ട അഞ്ച് രേഖകളുണ്ട്. അതാണ് ഏറ്റവും പ്രധാനപ്പെട്ടത്. 1) അദ്ദേഹം ആദ്യം കോടതിയിൽ കൊടുത്ത പെറ്റീഷൻ 2) അദ്ദേഹം പോലീസിൽ കൊടുത്ത മൊഴി 3) അതിന് ശേഷം മുഖ്യമന്ത്രിയുടെ പേര് എഴുതി ചേർത്തതാണ്, അദ്ദേഹം കൊടുത്തതല്ല എന്നു പറഞ്ഞ് കൊടുത്ത പ്രസ്താവന. ആ പ്രസ്താവന അദ്ദേഹം ഇപ്പോൾ തിരുത്തിയിട്ടുണ്ട്. അദ്ദേഹം അതിനെതിരായി പറഞ്ഞിട്ടുണ്ട്. പ്രസ്താവന എല്ലാ മാധ്യമങ്ങളുടെയും ഓഫീസിലുണ്ട്. ......അത് പറയാം... ഞാൻ അതിലേക്ക് വരാം. 4) വക്കീൽ പറഞ്ഞിട്ടാണ് ഞാൻ തിരുത്തിയതെന്ന് വക്കീലിന്റെ ഗുമസ്തൻ പോലീസിൽ എഴുതി കൊടുത്തിട്ടുണ്ട്. 5) 164 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ്. അത് കോടതിയിലാണ്. അത് ആർക്കും അറിയില്ല. നിയമപരമായി അത് ആർക്കും അറിയാൻ കഴിയില്ല. പക്ഷെ, കൈരളി ടി.വി. അറിഞ്ഞു. അതെങ്ങനെയാണെന്ന് എനിക്ക് അറിയില്ല. ഈ അഞ്ചു രേഖകൾ പരിശോധിക്കട്ടെ. അവ പരിശോധിച്ചിട്ട് തീരുമാനിക്കട്ടെ. അതിനപ്പുറത്ത് ഒരു പരിരക്ഷയും ഞാൻ ചോദിക്കുന്നില്ല. മുഖ്യമന്ത്രിയെ പ്രതിയാക്കണമെന്ന് പറഞ്ഞ് ആദ്യം എഴുതുന്ന പെറ്റീഷനിൽ മുഖ്യമന്ത്രിയുടെ പേര് ഇല്ല. പിന്നെ മുഖ്യമന്ത്രിയുടെ പേര് എഴുതിചേർത്ത് കുനുപ്പിട്ട് താഴേക്ക് പോയി. അവിടെ ഒരു ഇനിഷ്യലുപോലും വച്ചിട്ടില്ല. ....... (ബഹളം).......... ഞാൻ പറയുന്നത് അതിന്റെ ഗൗരവം മനസ്സിലാക്കണം.

അതുൾപ്പെടെയുള്ള കാര്യങ്ങൾ, ഈ അഞ്ചു രേഖകൾ പരിശോധിച്ചിട്ടാകട്ടെ. ഇദ്ദേഹം എന്നെ കാണാൻ വരുന്നത് ക്വാറി അസോസിയേഷന്റെ നിവേദനം തരാനാണ് എന്നു മാധ്യമങ്ങളിൽ കണ്ടു. ക്വാറി അസോസിയേഷന്റെ നിവേദനം എനിക്ക് കിട്ടി. ആ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഞാനും ശ്രീ. അടൂർ പ്രകാശും കൂടി കോൺഫറൻസ് വിളിച്ചുകൂട്ടി. ഒരു തീരുമാനം എടുത്തു. അതിന്മേൽ സർക്കാർ ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. അതിനാണ് എന്നെ കണ്ടതെങ്കിൽ അദ്ദേഹം ഒറ്റയ്ക്കല്ല, ഒരു ഗ്രൂപ്പായി വന്നാണ് എന്നെ കണ്ടത്. അതുകൊണ്ട് സത്യം ആർക്കും മൂടിവയ്ക്കാൻ കഴിയില്ല. ഇതെല്ലാം പരിശോധിച്ചിട്ട് ഒരു തീരുമാനമെടുക്കട്ടെ. ഞാൻ വീണ്ടും ഈ സഭയിൽ പറയുന്നു. യാതൊരുവിധ ഇടപെടലുകളും ഈ കേസിൽ ഉണ്ടാകില്ല. ........ (ബഹളം).......... ഞാനൊന്നു പറഞ്ഞോട്ടെ, ഞാൻ പറഞ്ഞിട്ട്......... നിയമം അത് നടപ്പിലാക്കും. അവസാനം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ജുഡീഷ്യൽ അന്വേഷണത്തെക്കുറിച്ച് ചോദിച്ചു. ഒരു അന്വേഷണവും നടത്തു ന്നതിന് ഈ ഗവൺമെന്റിന് എതിരല്ല. പക്ഷെ രാഷ്ട്രീയ പ്രതിയോഗികളെ ഇതിൽപ്പെടുത്താൻ പറ്റുമോയെന്നാണ് നിങ്ങൾ നോക്കുന്നത്................. (ബഹളം)......... ഞങ്ങളുടെ ലക്ഷ്യം................. (ബഹളം)......... കുറ്റക്കാർ ആരാ യിരുന്നാലും നിയമത്തിന്റെ മുന്നിൽ വരണം. അതുകൊണ്ട് ഞങ്ങൾ ഒരു അന്വേഷണത്തെയും ഭയപ്പെടുന്നില്ല. ഒരു അന്വേഷണത്തെയും തിരസ്കരിക്കുന്നില്ല. പക്ഷേ പോലീസിന്റെ അന്വേഷണം വളരെ പുരോഗമിച്ചിട്ടുണ്ട്. ഗവൺമെന്റ് സി.ബി.ഐ. അന്വേഷണം വേണമെന്ന് തീരുമാനിച്ചിട്ടില്ല, പക്ഷേ കോടതിയിൽ കൊടുത്തിരിക്കുന്ന സി.ബി.ഐ. അന്വേഷണത്തെ ഗവൺമെന്റ് എതിർക്കാൻ ഇടയില്ല എന്നു ചില പത്രങ്ങളിൽ വന്നപ്പോൾ ആരാണ് ആദ്യം എതിർത്തത്? ആ എതിർത്തതിന്റെ അർത്ഥമെ

ന്താണ്? ഇന്നത്തെ അന്വേഷണം ശരിയായ രീതിയിൽ പോകുന്നുവെന്നാണ്. ഇന്ന് അദ്ദേഹം ചോദിച്ചു........, ജുഡീഷ്യൽ അന്വേഷണം......, ജുഡീഷ്യൽ അന്വേഷണത്തെ ഞങ്ങൾക്ക് ഒരു ഭയവുമില്ല. പക്ഷേ ഇതിൽപ്പെട്ടിരിക്കുന്ന പ്രതികളാരും ജുഡീഷ്യൽ അന്വേഷണത്തിന്റെ പേരിൽ രക്ഷപ്പെടരുത് എന്ന് നിർബന്ധമുണ്ട്. അതുകൊണ്ട് ഇന്ന് നടക്കുന്ന പോലീസിന്റെ അന്വേഷണം ശരിയായ രീതിയിൽ മുമ്പോട്ടു പോകും. അന്വേഷണം പൂർത്തിയാക്കിയതിനുശേഷം നിങ്ങൾക്ക് അതിൽ എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽ അപ്പോൾ നിശ്ചയമായിട്ടും പറയാം. ഞങ്ങൾ ജനാധിപത്യ പ്രവർത്തനശൈലി മാത്രമേ സ്വീകരിച്ചിട്ടുള്ളൂ, സ്വീകരിക്കുകയുള്ളൂ. നിയമസഭയിൽ ഈ വിഷയം എട്ടാമത്തെ ദിവസമാണ് ചർച്ചയ്ക്ക് വരുന്നത്. ഇതിനു മുമ്പ് എന്തൊക്കെ പറഞ്ഞു? അതിൽ ഏതെങ്കിലും ന്യായീകരിക്കാൻ നിങ്ങൾക്ക് സാധിച്ചോ? മുഖ്യമന്ത്രിയുടെ കത്തുണ്ടെന്നു പറഞ്ഞു? ആ കത്ത് കൃത്രിമമായിട്ടുണ്ടാക്കിയതാണെന്ന് തെളിഞ്ഞു. പ്രതികളെ അറസ്റ്റ് ചെയ്തു, പുതിയ കേസും അവരുടെ പേരിൽ വന്നു. എന്റെ ഓഫീസിലും ക്ലിഫ് ഹൗസിലും സ്ഥാപിച്ച സോളാർ പാനൽ ഇതുമായി ബന്ധപ്പെട്ടതാണെന്ന് പറഞ്ഞു. എന്നാൽ അത് സി-ഡിറ്റും അനെർട്ടുമാണ് സ്ഥാപിച്ചതെന്ന് തെളിഞ്ഞു. ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഒരു എംബ്ലം കൊണ്ടുവന്ന് ഇത് ടീം സോളാറിന്റേതാണ്, പി.ആർ.ഡി. അത് ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. അതും പൊളിഞ്ഞു. ഇന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു കുരുവിളയുടെ കാര്യം പറഞ്ഞു. മുഖ്യമന്ത്രിക്കെതിരെ എന്തോ പരാതി പറഞ്ഞതിന് കുരുവിള ഇന്ന് ജയിലിൽ കിടക്കുകയാണെന്ന് പറഞ്ഞു. പ്രിയപ്പെട്ട കോടിയേരി, അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന വ്യക്തിയാണ്. അങ്ങേയ്ക്ക് അന്വേഷിക്കാനുള്ള ധാരാളം സോഴ്സുണ്ട്. എന്തിനാണ് കുരു

വിളയെ പോലീസ് അറസ്റ്റ് ചെയ്തതെന്ന് അങ്ങൊന്ന് അന്വേഷിക്കണം. ഈ കുരുവിള എന്നെ സമീപിച്ചുകൊണ്ട് പറഞ്ഞത് എന്റെ പേരുപയോഗിച്ച് അദ്ദേഹത്തെ ഒരു സംഘം ചതിച്ചുവെന്നാണ്. ഞാൻ അത് വളരെ ഗൗരവമായി എടുത്തു. എന്റെ പേരുപയോഗിച്ചുവെന്ന് പറഞ്ഞു കഴിഞ്ഞാൽ അതിനെങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് നോക്കേണ്ടത് എന്റെ കൂടി കടമയാണ്. ഞാൻ ഡി.ജി.പി.-യെ വിളിച്ചു വരുത്തി അടിയന്തരമായി നടപടി എടുക്കണമെന്ന് പറഞ്ഞു. അടിയന്തരമായി നടപടിയെടുക്കുകയും ബന്ധപ്പെട്ടവരെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയും ചെയ്തു. രണ്ടു മൂന്നു ദിവസം പോലീസ് കസ്റ്റഡിയിൽ വച്ച് ചോദ്യം ചെയ്തപ്പോൾ, ഈ കുരുവിള അവരെ ചതിച്ചുവെന്ന വേറൊരു കഥയാണ് അവർ പറഞ്ഞത്. ഒരു കോടി രൂപയിലധികം നഷ്ടപ്പെട്ടുവെന്നാണ് കുരുവിള പറഞ്ഞത്. അതിനുള്ള തെളിവുകൾ ചോദിച്ചപ്പോൾ അദ്ദേഹത്തിനൊന്നും കൊടുക്കാനില്ലായിരുന്നു. ഉടൻ തന്നെ മറ്റുള്ളവരെ ചോദ്യം ചെയ്തപ്പോൾ മനസ്സിലായത് ഇദ്ദേഹം അവരെ ചതിച്ചിട്ടുണ്ടെന്നാണ്, അതിനുള്ള എല്ലാ രേഖകളും അവർ കൊണ്ടുകൊടുക്കുകയും ചെയ്തു. അതിനെക്കുറിച്ച് കുരുവിളയോട് ചോദിച്ചപ്പോൾ ഞാൻ ഇതിൽ സഹകരിക്കില്ല എന്ന് പറഞ്ഞ് ഇറങ്ങിപ്പോയി. ആ കേസിൽ എല്ലാ വിധത്തിലുള്ള തെളിവുകളും വച്ച് അദ്ദേഹത്തെ പിടിച്ചപ്പോൾ ഇദ്ദേഹത്തിനെതിരായി തൃശ്ശൂരിൽ നിന്നും വേറെയും രണ്ട് കേസുകൾ വന്നു. അദ്ദേഹം മണി ചെയിൻ ബിസിനസാണ് നടത്തിക്കൊണ്ടിരുന്നത് എന്നാണ് പോലീസിന് അറിയാൻ സാധിച്ചത്. ബഹുമാനപ്പെട്ട കോടിയേരി ഞാൻ പറഞ്ഞത് അങ്ങ് വിശ്വസിക്കേണ്ട? പക്ഷേ അങ്ങ് അന്വേഷിച്ചിട്ട് ഇതിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലുമുണ്ടെങ്കിൽ എന്നോട് പറയണം. ഞാൻ നിശ്ചയമായും

അതിന്റെ പൂർണ്ണ ഉത്തരവാദിത്വമേൽക്കാം. അങ്ങ് അതൊന്ന് പരിശോധിക്കണം എന്ന് പറയുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ക്വാറി സംബന്ധമായ നിവേദനം തരുന്നതിനുവേണ്ടി ശ്രീധരൻ നായർ ഗ്രൂപ്പായിട്ടാണ് അങ്ങയെ വന്നു കണ്ടതെന്ന് പറഞ്ഞു, സമ്മതിച്ചു. പക്ഷേ ക്വാറി കാര്യത്തിനല്ലാതെ ശ്രീധരൻ നായർ മറ്റെന്തെങ്കിലും ആവശ്യത്തിനുവേണ്ടി 2012 ജൂലൈ 9-ാം തീയതി അങ്ങയെ കണ്ടിരുന്നുവോ എന്ന് ഈ സഭയിൽ വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ക്വാറിയുടെ ആവശ്യത്തിനല്ലാതെ ഇദ്ദേഹം എന്നെ കണ്ടിട്ടേയില്ല. ക്വാറിയുടെ ആവശ്യത്തിനു വേണ്ടി ഇവരുടെ അസോസിയേഷൻ രണ്ടു പ്രാവശ്യം ഗ്രൂപ്പായി വന്ന് നിവേദനം തന്നിട്ടുണ്ട്. അവരെ വിളിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ഞാനും ശ്രീ. അടൂർ പ്രകാശും ചേർന്ന് ചർച്ച നടത്തിയിട്ടുണ്ട്. അതിനുശേഷം ഗവൺമെന്റ് ഇത് സംബന്ധിച്ചുള്ള ഉത്തരവും ഇറക്കിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഒന്നും മറച്ചുവയ്ക്കാനില്ല. ബഹുമാനപ്പെട്ട കോടിയേരി അങ്ങ് ഞങ്ങളുടെ നേരെ വിരൽ ചൂണ്ടിയതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. അങ്ങയുടെ കാലത്ത് ഇതേ പ്രതികൾ ഇതേ രീതിയിൽ തട്ടിപ്പ് നടത്തി അറസ്റ്റ് ചെയ്തപ്പോൾ ഇത് കൊടുക്കൽ, വാങ്ങൽ കേസാണ്; സിവിൽ നേച്ചറുള്ള കേസാണ് എന്ന് പറഞ്ഞ് കേസ് എഴുതി തള്ളിയ കാര്യം അങ്ങ് ഒന്ന് പരിശോധിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ആരാണ് എഴുതി തള്ളിയത്? ഏതു പോലീസുകാരനാണ് റിപ്പോർട്ട് കൊടുത്തത്? എങ്കിൽ ഇതെല്ലാം കൂടി ജുഡീഷ്യൽ അന്വേഷണത്തിന്റെ പരിധിയിൽപ്പെടുത്തിക്കൊള്ളൂ.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഒരു കേസ് മാത്രമായിരുന്നെങ്കിൽ നമുക്ക് അത് ആലോചിക്കാം. വള്ളിക്കുന്നിൽ നിന്നുള്ള ഒരു സ്വാമി അങ്ങേയ്ക്ക് ഒരു പരാതി തന്നു. അങ്ങ് അത് ഫോർവേഡ് ചെയ്ത്, പിന്നെ വെളിച്ചം കാണുന്നത് വർഷങ്ങൾക്കു ശേഷമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു പരസ്യം ഇവിടെ കാണിച്ചു. ഇതൊക്കെ വെളിപ്പെടുത്തുന്ന കാര്യമെന്താണ്? നിങ്ങളുടെ കാലത്തും ഇതുപോലുള്ള കാര്യങ്ങൾ......, ഇന്നും തട്ടിപ്പ് നടന്നിട്ടുണ്ട്. നമ്മൾ അങ്ങോട്ടുമിങ്ങോട്ടും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. നമുക്ക് നോക്കേണ്ടത് തെറ്റു ചെയ്തവൻ നിയമത്തിന്റെ മുമ്പിൽ വരണം. ഈ ഗവൺമെന്റിന്റെ കാര്യത്തിൽ അത് നടന്നിരിക്കും. ഈ ബിജു രാധാകൃഷ്ണൻ കൊലക്കേസ്സിലെ പ്രതിയായിരുന്നു. ഇതിന്റെ രാസപരിശോധനയുടെ റിപ്പോർട്ട് എന്നു കിട്ടിയെന്ന് അങ്ങ് എന്നോട് ഒരിക്കൽ ചോദിച്ചു? നിങ്ങളുടെ കാലത്ത് ആ റിപ്പോർട്ട് കിട്ടിയതിനുശേഷം മൂന്നു വർഷം കൂടി അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു എന്ന് ഞാൻ പറയുകയാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ ഇവിടെ അത് സംസാരിക്കുന്നത്....., എന്റെ കൈയിൽ ഇപ്പോൾ രേഖകളൊന്നുമില്ല. എല്ലാ രേഖകളും അങ്ങയുടെ കൈയിലാണ്. ഈ കൊലപാതകം നടന്നത് അങ്ങയുടെ കാലത്തല്ലേ? 2006 ഫെബ്രുവരിയിലല്ലേ? അന്ന് 498 അനുസരിച്ചാണ് കേസ് എടുത്തത്. അതിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് വന്ന ഗവൺമെന്റ് നടപടികൾ സ്വീകരിച്ചത്. ആ കേസന്വേഷണം തൃപ്തികരമല്ല എന്നു പരാതി കിട്ടിയപ്പോൾ ക്രൈം ബ്രാഞ്ചിന് കൈമാറി. രാസപരിശോധന റിപ്പോർട്ട് അന്നു തന്നെ വന്നു. ഇവിടെ മുഖ്യമന്ത്രി പറഞ്ഞതെന്താണ്? രാസപരിശോധന റിപ്പോർട്ട് ഞാൻ താമസിപ്പിച്ചുവെന്ന്, ഞാൻ താമസിപ്പിച്ചിട്ടില്ല എന്ന്

മനസ്സിലായല്ലോ? കെമിക്കൽ എക്സാമിനേഷൻ ലാബിന്റെ റിപ്പോർട്ട് വന്നതിനുശേഷം അയാളെ നുണപരിശോധനയ്ക്കുവരെ വിധേയനാക്കിയില്ലേ? എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആ കേസന്വേഷണവുമായി ബന്ധപ്പെട്ട്, ക്രൈം ബ്രാഞ്ച് ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളും ഈ സഭയുടെ മുമ്പാകെ വയ്ക്കുക, എന്തെങ്കിലും തെറ്റ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുണ്ടെങ്കിൽ അത് കൂടി പരിശോധിച്ചോളൂ. അതിനുശേഷം രണ്ടുകൊല്ലക്കാലം നിങ്ങളുമിരുന്നു. അപ്പോൾ ആദ്യത്തെ നാലുമാസം നിങ്ങളും സഹായിച്ചു. ഞങ്ങൾ 5 വർഷം സഹായിച്ചുവെങ്കിൽ നിങ്ങളും രണ്ടു വർഷം സഹായിച്ചില്ലേ? അപ്പോൾ ഇതാകെ അന്വേഷണത്തിന്റെ പരിധിയിൽ വയ്ക്കണം...., അങ്ങനെയുള്ള ആളുമായി; കൊലക്കേസിൽ പ്രതിയാകേണ്ട ആളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു മണിക്കൂർ നേരം ആ ഗസ്റ്റ് ഹൗസിലിരുന്ന് എന്താണ് സംസാരിച്ചത്?

മുഖ്യമന്ത്രിയോട് ഒരു മണിക്കൂർ നേരം സംസാരിച്ചാൽ അത് നാട്ടുകാർ അറിയണ്ടേ? ഒരു കത്ത് മുഖ്യമന്ത്രിയുടെ പേരിലുണ്ടെന്ന് പറഞ്ഞ് പ്രചരിപ്പിച്ചുവെന്ന കാര്യം ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞു. മാർച്ച് മാസത്തിൽ പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിട്ടുള്ള സജാദ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്കും പരാതി കൊടുത്തില്ലേ. മുഖ്യമന്ത്രിയുടെ കത്തുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് തട്ടിപ്പുനടത്തുന്നതെന്നാണ് ആ പരാതിയിൽ പറയുന്നത്. അപ്പോൾ ആദ്യം പോലീസ് ചെയ്യേണ്ടത് എന്തായിരുന്നു? ആ മുഖ്യമന്ത്രിയുടെ കത്തുണ്ടോ, ആ കത്തുപയോഗിച്ച് തട്ടിപ്പുനടത്തുന്നുണ്ടോ, വ്യാജ കത്തുണ്ടോ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് മാർച്ച് മാസത്തിൽ പരാതി കിട്ടിയിട്ടും എന്തുകൊണ്ട് കണ്ടുപിടിച്ചില്ല? അവർക്ക്

തുടർച്ചയായി മുഖ്യമന്ത്രിയുടെ പേര് ഉപയോഗിച്ച് തട്ടിപ്പ് നടത്താനുള്ള സൗകര്യം അങ്ങയുടെ ഗവൺമെന്റല്ലേ ചെയ്തുകൊടുത്തത്?

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. ബിജു രാധാകൃഷ്ണനുമായി സംസാരിച്ച സാഹചര്യങ്ങളെല്ലാം ഞാൻ ഇവിടെ പറഞ്ഞിട്ടുണ്ട്. ഒരു മണിക്കൂറൊന്നും സംസാരിച്ചിട്ടില്ല. ഒരു എം.പി. എന്നെ വിളിച്ച് പറഞ്ഞതനുസരിച്ച് അദ്ദേഹത്തിന് കാണാൻ സമയം കൊടുത്തു. അദ്ദേഹം വന്നു, അദ്ദേഹത്തിന്റെ ഒരു കാര്യം പറഞ്ഞു. അദ്ദേഹത്തോടൊപ്പം ഒരു മാധ്യമ സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥനുമുണ്ടായിരുന്നു. അതെല്ലാം ഞാൻ വ്യക്തമായി ഇവിടെ പറഞ്ഞിട്ടുള്ളതാണ്. നിങ്ങൾ ഇവിടെ ഒരു പുക മറ സൃഷ്ടിക്കാൻ വേണ്ടി ശ്രമിക്കുകയാണ്. നമുക്കുവേണ്ടത് അന്യോന്യം കുറ്റപ്പെടുത്തലല്ല, പുകമറയല്ല. നിങ്ങളുടെ കാലത്ത് ഈ തട്ടിപ്പുണ്ട്. അന്ന് നിങ്ങൾ ഇന്ന് ഈ ഗവൺമെന്റെടുത്തതുപോലുള്ള നടപടികൾ എടുത്തിരുന്നുവെങ്കിൽ ഇന്ന് ഇതുപോലുള്ള ഒരു കാര്യവും ഇവിടെ ചർച്ച ചെയ്യേണ്ടിവരുമായിരുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുഖ്യമന്ത്രി, അന്ന് അഞ്ചുകൊല്ലം അങ്ങ് പ്രതിപക്ഷ നേതാവായിട്ടിരിക്കുകയായിരുന്നില്ലേ? ആ ഗവൺമെന്റിന്റെ നടപടിയെക്കുറിച്ച് ഏതെങ്കിലും ഒരു ദിവസം അങ്ങ് ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ; ആ തട്ടിപ്പുസംഘത്തെക്കുറിച്ച് പരാതി പറഞ്ഞിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: അന്ന് ഈ തട്ടിപ്പിന്റെ വിവരങ്ങൾ പുറത്തുവന്നിരുന്നില്ല. പക്ഷേ, നിങ്ങളുടെ മുമ്പിൽ കേസ് വന്നിട്ടും ഈ കുറ്റങ്ങൾക്കുവേണ്ടി കസ്റ്റഡിയിലായിട്ട് പോലീസ് ഇവരെ ചോദ്യം ചെയ്യാൻ പോലും എടുത്തിട്ടില്ലായെന്നുള്ളതൊന്നും അങ്ങ് മറക്കരുത്. അതുകൊണ്ട് ഞാൻ ഈ സഭയ്ക്ക് വീണ്ടും ഉറപ്പുനൽകുന്നു. ഈ കേസന്വേഷണം ശരിയായ

രീതിയിൽ മുമ്പോട്ട് പോകും. അതിനകത്ത് യാതൊരു വീഴ്ചയും ഉണ്ടാകില്ല. അന്വേഷണം പൂർത്തിയാക്കി പ്രതികളെയെല്ലാം രംഗത്ത് കൊണ്ടുവന്നു കഴിഞ്ഞതിനുശേഷം നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ നിശ്ചയമായും ഗവൺമെന്റ് അത് കേൾക്കും. ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാണ്. ഇന്നിപ്പോൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുളള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും അങ്ങ് പ്രത്യേകം സൗകര്യം ചെയ്തത് അനുസരിച്ച്, ശ്രീ. എ.പി. അനിൽ കുമാറും........

മി. സ്പീക്കർ: ഞാൻ പ്രത്യേകം സൗകര്യം ചെയ്തതല്ല പ്രതിപക്ഷ നേതാവേ......ബഹുമാനപ്പെട്ട മന്ത്രി അഭ്യർത്ഥിച്ചതനുസരിച്ചാണ് കൊടുത്തത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് കൊടുത്തു. ഇവിടെ നടത്തിയ വിശദീകരണമെല്ലാം ഞങ്ങൾ കേട്ടു. അതിനോരോന്നിനും മറുപടി പറയേണ്ട ആവശ്യം എനിക്കില്ല. കഴിഞ്ഞ മാസം 24-ാം തീയതി സഭയിൽ കോടതി രേഖകൾ ഉദ്ധരിച്ചുകൊണ്ട് സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയാൻ ശ്രമിച്ചതാണ്. അന്ന് അത് പറയാൻ അനുവദിക്കാതെ ബഹുമാനപ്പെട്ട സ്പീക്കർ എന്റെ മൈക്ക് ഓഫ് ചെയ്യുകയും പിന്നീട് രണ്ട് ആഴ്ചയോളം സഭാ നടപടികൾ റദ്ദാക്കുകയുമാണ് ചെയ്തത്. ഇത് തികച്ചും ജനാധിപത്യവിരുദ്ധവും ഏകപക്ഷീയവുമായ നടപടിയാണെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ല. ഞാൻ എന്തുകാര്യമാണോ അന്ന് പറയാൻ ശ്രമിച്ചത്, അത് പൂർണ്ണമായും ശരിയാണെന്ന്

തെളിയിക്കുന്ന കാര്യങ്ങളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. അങ്ങ് ഇന്നത്തെ പത്രങ്ങൾ വായിച്ചുകാണുമല്ലോ. മുഖ്യമന്ത്രിയുടെ കുടുംബവുമായി തട്ടിപ്പിനുള്ള ബന്ധം വളരെ രൂഢമൂലമാണെന്നാണ് റിപ്പോർട്ടുകൾ. മുഖ്യമന്ത്രിയുടെ ഉറ്റവരുമായി തട്ടിപ്പുകാരി സരിത എസ്. നായർക്കുള്ള ബന്ധവും വരുമാനവുമുള്ള സഞ്ചാരത്തിന്റെ കഥകളുമൊക്കെ വെളിച്ചത്തു വന്നിരിക്കുകയാണ്. എന്നിട്ട് ഒരു ജോപ്പനെ മാത്രമേ അറസ്റ്റ് ചെയ്തിട്ടുള്ളൂ. അതാകട്ടെ, ശ്രീധരൻ നായർ നൽകിയ കേസ്സിൽ കോടതി ഉത്തരവിനെ തുടർന്നാണ്. മുഖ്യമന്ത്രിയും തട്ടിപ്പുകാരി സരിത എസ്. നായരുമായുള്ള ബന്ധത്തിന് ഇടനിലക്കാരായി പ്രവർത്തിച്ച ഗൺമാൻ സലീം രാജ്, പി.എ. ജിക്കുമോൻ, ഡൽഹിയിലെ സഹായി പാവം പയ്യൻ എന്നിവർ തട്ടിച്ചുണ്ടാക്കിയ കോടികളുമായി ഇപ്പോഴും വിലസി നടക്കുകയാണ്. അവരുടെ അക്കൗണ്ടുകൾ മരവിപ്പിക്കാൻ നടപടിയെടുത്തോ? നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്ന് പറയുന്ന മുഖ്യമന്ത്രി എന്തുകൊണ്ടാണ് ഇക്കൂട്ടരെ അറസ്റ്റ് ചെയ്യുകയോ ചോദ്യം ചെയ്യുകയോ ചെയ്യാത്തത്? ജോപ്പന്റെ അറസ്റ്റിനിടയാക്കിയ പരാതി നൽകിയ ശ്രീധരൻ നായർ മുഖ്യമന്ത്രിയെ കണ്ടിരുന്നുവെന്നും അതിനുശേഷമാണ് സരിത എസ്.നായർക്ക് നാൽപ്പത് ലക്ഷം രൂപ നൽകിയതെന്നും പുറത്തുവന്നിട്ടുണ്ട്. എന്താണ് തട്ടിപ്പുകാരും അവരുടെ സിൽബന്ധികളും മുഖ്യമന്ത്രിയെത്തന്നെ കൂടെക്കൂടെ കാണുന്നത്. ഈ തട്ടിപ്പ് കമ്പനിയിൽ മുഖ്യമന്ത്രിയുടെ ഷെയർ എത്രയാണ്? തട്ടിപ്പുകാർ ജനങ്ങളെ കബളിപ്പിച്ച് കൈക്കലാക്കിയ കോടികളിൽ മുഖ്യമന്ത്രിക്ക് എന്തെങ്കിലും കിട്ടിയിട്ടുണ്ടോ? എത്ര കിട്ടിയിട്ടുണ്ട്. സുതാര്യ ഭരണത്തിന്റെ പൂച്ച് പുറത്തുകാട്ടുന്ന മുഖ്യമന്ത്രി ഈ സഭയിൽ ഒരുതവണയെങ്കിലും സത്യം പറയാൻ തയ്യാറായിട്ടുണ്ടോ? മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും പ്രതിസ്ഥാനത്ത്

സംശയിക്കപ്പെടുന്ന കേസ്സിൽ അവരുടെ ആജ്ഞാനുവർത്തികളായ പോലീസിന് ഈ കേസ് സത്യസന്ധമായി അന്വേഷിക്കാൻ എങ്ങനെ കഴിയും? ഇപ്പോൾ കേസ് സി.ബി.ഐ.ക്ക് വിടാനുള്ള നീക്കം ആരംഭിച്ചിട്ടുണ്ടെന്ന് കേൾക്കുന്നു. അതുമൊരു അടവല്ലേ? ജോപ്പന്റെ അറസ്റ്റിന് ആധാരമായ ശ്രീധരൻ നായർ പത്തനംതിട്ട കോടതിയിൽ നൽകിയ അന്യായത്തിൽ മുഖ്യമന്ത്രിയുടെ പേര് ഉണ്ടായിരുന്നു. എന്നാൽ മുഖ്യമന്ത്രിയുടെ പേര് എഴുതി ചേർത്തതാണെന്ന് പറഞ്ഞുകൊണ്ട് വ്യാജ ലെറ്റർ ഉണ്ടാക്കി. എന്നാൽ അത് വ്യാജ ലെറ്റർ ആണെന്നുള്ള ആരോപണം ശരിയല്ലെന്നാണ് പത്തനംതിട്ട മജിസ്ട്രേറ്റ് കോടതി അന്വേഷണത്തിൽ കണ്ടെത്തിയത്. ഇതേത്തുടർന്ന് 164 പ്രകാരം ശ്രീധരൻ നായരുടെ സ്റ്റേറ്റ്മെന്റെടുക്കാൻ കോടതി നിർദ്ദേശിച്ചു. അപ്രകാരം സ്റ്റേറ്റമെന്റ് വാങ്ങി. ആ സ്റ്റേറ്റ്മെന്റിലും ശ്രീധരൻനായരും മുഖ്യമന്ത്രിയുമായിട്ടുള്ള ബന്ധം സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രി കേസ്സിൽ പ്രതിയല്ലേ? ക്രിമിനൽ നടപടി പ്രകാരം മുഖ്യമന്ത്രിയെ കേസ്സിൽ നിന്ന് ഒഴിവാക്കാൻ ആർക്കെങ്കിലും സാധിക്കുമോ? ഇതിന് കണ്ടുപിടിച്ച ചുളുവിദ്യയല്ലേ സി.ബി.ഐ. അന്വേഷണം. അതുകൊണ്ട് കോടികളുടെ തട്ടിപ്പിന്റെ സൂത്രധാരനും പ്രമാണിയുമായിട്ടുള്ള മുഖ്യമന്ത്രി ഈ സ്ഥാനത്ത് തുടർന്നുകൊണ്ട് തട്ടിപ്പുകാരെ പുറത്തുകൊണ്ടുവരാനും അവർക്ക് അർഹമായ ശിക്ഷ നൽകുവാനും കഴിയുമോ, കഴിയില്ല. അതുകൊണ്ട് അധികാരത്തിൽ നിന്ന് കോടികളുടെ തട്ടിപ്പുകാരൻ പുറത്തുപോകണം. ഒരു ജുഡീഷ്യൽ എൻക്വയറി നടത്തണം. അതാണ് ഞങ്ങൾ കുറച്ചുദിവസമായി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്.

പക്ഷേ, അങ്ങേയ്ക്ക് അത് ഇപ്പോഴും ബോദ്ധ്യമായിട്ടുണ്ടെന്ന് തോന്നുന്നില്ല. ഞങ്ങൾക്ക് പറയാനുള്ളത് ഇവിടെ ഇരുന്നുകൊണ്ട് പറയുകയാണ്. ഞങ്ങൾ ആരെയും ആക്ഷേപിച്ചിട്ടില്ല. ആക്ഷേപിച്ചിട്ടുള്ളത്, സൂര്യന്റെ പ്രകാശംകൊണ്ട് കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ആ സോളാർ ശക്തി കൊണ്ട് കേരളത്തിലെ മൂന്നരക്കോടി ജനങ്ങൾക്ക് ഉണ്ടാകാനിടയുള്ള പുരോഗതിയും ആശ്വാസ നടപടികളും തട്ടിമാറ്റി മുഖ്യമന്ത്രിയും ഒരു കള്ള കമ്പനിയുംകൂടി ചേർന്ന് കോടികൾ തട്ടിയെടുക്കാൻ നടത്തിയ ശ്രമത്തെയാണ് ഞങ്ങൾ ആദ്യം മുതൽ തുറന്നുകാട്ടിയതും എതിർത്തതും. ആ തുറന്നുകാട്ടൽ ഇപ്പോഴും നടത്തുകയാണ്. അതിൻനിന്ന് രക്ഷപ്പെടാൻവേണ്ടി പല ന്യായങ്ങളും വാദങ്ങളും പറഞ്ഞു. ഞങ്ങളിവിടെ എന്തെങ്കിലും കാര്യങ്ങൾ പറഞ്ഞാൽ ഉടനെ ഞങ്ങളുടെ ഭരണകാലത്ത് അഞ്ച് കൊല്ലം ഇന്നതല്ലേ ഇന്നതല്ലേ എന്നുചോദിച്ച് തടിതപ്പാൻ നോക്കുകയാണ്. അതുകൊണ്ട് നിങ്ങളിപ്പോൾ സി.ബി.ഐ. യോട് വലിയൊരു പ്രേമം കാണിച്ചിരിക്കുകയാണ്. സി.ബി.ഐ. യെ തന്നെ ചുമതലപ്പെടുത്തിയാലും നിങ്ങൾ അധികാരത്തിലിരുന്നുകൊണ്ട് സി.ബി.ഐ. യെ തെറ്റിദ്ധരിപ്പിച്ച് സി.ബി.ഐ. യെ തന്നെ വിലയ്ക്കെടുക്കാൻ ശ്രമിക്കുന്ന സ്ഥിതിയില്ലേ? ഇന്ന് കേന്ദ്രത്തിൽ സുപ്രീംകോടതിയിലെ പ്രമുഖരായ ജഡ്ജിമാർ ഒരു കമന്റ് പറഞ്ഞത് നമ്മൾ എല്ലാവരും കേട്ടതല്ലേ? സി.ബി.ഐ. എന്ന സ്ഥാപനം ഒരു കൂട്ടിലെ തത്തയാണ്, തത്തയാണ്, തത്തയാണ് എന്ന്. സുപ്രീംകോടതിയെക്കൊണ്ടുപോലും അങ്ങനെ പറയിച്ച് ടൂ.ജി സ്പെക്ട്രവും അതുപോലെയുള്ള വൻ കോടികളുടെ അഴിമതിക്കാരെയും രക്ഷപെടുത്താൻക്കഴിഞ്ഞ വിദ്വാൻമാർക്ക് ഈ കേസ്സ് ഒതുക്കാനും തട്ടിപ്പ് നടത്തിയവരെ രക്ഷിക്കാനും മറ്റെന്തെങ്കിലും വേണ്ടതുണ്ടോയെന്ന് ഞാൻ

ചോദിക്കുകയാണ്. ശാലുമേനോന് കൊടുത്തിട്ടുള്ള ജയിൽ പരിഗണന, നിങ്ങൾക്ക് ഏതെങ്കിലുമൊക്കെ സഹായം ചെയ്തിരിക്കുന്നവർക്ക് കൊടുക്കുന്ന പരിഗണന, ഇപ്പോഴും നിങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നത് ഞങ്ങളും ജനങ്ങളും കണ്ടുകൊണ്ടിരിക്കുകയാണ്. സ്വകാര്യ കാർ വരുന്നു; പോലീസിന്റെ വണ്ടി അകമ്പടി സേവിക്കുന്നു; തിരുവനന്തപുരത്തുവരെ വരുന്നു; എല്ലാം ഈ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള അവസരം ഇനിയും ഉണ്ടാകാൻ അവസരമുണ്ടാക്കരുത്. ഈ പ്രശ്നത്തിന് ശരിയായ നിലയിൽ ഒരന്വേഷണം നടക്കണമെന്നുണ്ടെങ്കിൽ രാജിവയ്ക്കുക. ഒരു ഇടപെടലിനും അവസരമുണ്ടാകാൻ പാടില്ല; രാജി വയ്ക്കുക. രാജൻ കേസിൽ കോടതിയുടെ പരാമർശം വന്നപ്പോൾ കെ. കരുണാകരൻ മുമ്പ് രാജിവച്ചു. പിടിച്ചു നിൽക്കാനൊന്നും അദ്ദേഹം പോയില്ല. കെ. കരുണാകരനെപ്പോലെയുള്ള കോൺഗ്രസ്സുകാരുടെ പാരമ്പര്യം ഏറ്റെടുക്കാൻ തയ്യാറുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. ശ്രീ. എ.കെ. ആന്റണി, കെ. കരുണാകരൻ, ശ്രീ. പവൻകുമാർ ബൻസൽ എന്നിവരെല്ലാം രാജിവച്ചു. അങ്ങനെ ന്യായമായതും സത്യവുമായ ഒരു സമീപനം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. (ബഹളം).

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ നിന്ന് മുദ്രാ വാക്യം വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു)

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ്, അങ്ങയെ സംസാരിക്കുവാൻ സമ്മതിക്കുന്നില്ലേ ഇവർ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അങ്ങയോടല്ല, മുഖ്യമന്ത്രിയോടാണ് അവർ ചോദിക്കുന്നത്. അങ്ങയോട് അവർ വരുന്നതേയില്ല.

മി. സ്പീക്കർ: എനിക്ക് വേറൊന്ന് ചോദിക്കാനുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത് കേൾക്കാൻ അവർ സമ്മതിക്കുന്നില്ല. (ബഹളം) ........................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പ്രതിപക്ഷ നേതാവ് ഒരു ചോദ്യം ചോദിച്ചിരിക്കുകയാണ്. .................(ബഹളം) ........................

മി. സ്പീക്കർ: നിങ്ങൾ ദയവുചെയ്ത് സീറ്റിലേയ്ക്ക് പോകൂ. പ്ലീസ്. പ്രതിപക്ഷ നേതാവ് സംസാരിച്ചിട്ട് ഇരിക്കുകയാണ്. ശ്രീ. സി. ദിവാകരൻ അങ്ങേയ്ക്ക് സംസാരിക്കണ്ടേ?

ശ്രീ. സി. ദിവാകരൻ: സർ, മുഖ്യമന്ത്രി രാജിവച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്നേ എനിക്കും പറയാനുള്ളൂ.

മി. സ്പീക്കർ: നിങ്ങൾ ദയവുചെയ്ത് സീറ്റിലേയ്ക്ക് പോകണം. ..........(ബഹളം) ......... ബഹളമുണ്ടാക്കിയാലൊന്നും സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ പറ്റില്ല. യെസ്.............പ്ലീസ്...... പ്ലീസ്...........(ബഹളം) ........ പ്ലീസ്......... ദയവുചെയ്ത് സീറ്റിലേയ്ക്ക് പോകണം..............പ്ലീസ്...........ദയവുചെയ്ത് സീറ്റിലേയ്ക്ക് പോകണം. ..........(ബഹളം)........ സഭ അല്പ സമയത്തേയ്ക്ക് നിറുത്തി വയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങളുടെ ബഹളത്തെത്തുടർന്ന് സഭ രാവിലെ 11.17-ന് നിറുത്തിവയ്ക്കുകയും ഉച്ചയ്ക്ക് 12.10-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിക്കുകയും ചെയ്തു.)

(അടിയന്തിരപ്രമേയാവതരണവേളയിൽ ആഭ്യന്തരവകുപ്പുമന്ത്രി ടീം സോളാറിനെ സംബന്ധിച്ച് മേശപ്പുറത്തുവച്ച ഇൻഡ്യൻ എക്സ്പ്രസ്

പത്രവാർത്ത സഭയെ തെറ്റിദ്ധരിപ്പിക്കലാണെന്നും പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്നും ആവശ്യപ്പെട്ടു കൊണ്ട് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : നിങ്ങൾ സീറ്റുകളിലേയ്ക്ക് പോകണം..... ചോദിക്കാം.....(ബഹളം) ..... നിങ്ങൾ സീറ്റിലേയ്ക്ക് പോയാൽ ആഭ്യന്തര വകുപ്പുമന്ത്രിയോട് ക്ലാരിഫിക്കേഷൻസ് ചോദിക്കാം. ഇങ്ങനെ വന്നാൽ അത് ചോദിക്കാനൊക്കുകയില്ല. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയോട് ഇതിന്റെ ക്ലരിഫിക്കേഷൻസ് ചോദിക്കാം. അദ്ദേഹം പറയട്ടെ, പക്ഷേ നിങ്ങൾ ദയവ് ചെയ്ത് സീറ്റിലിരിക്കുക. ശ്രീ. രാജേഷ് സീറ്റിലിരിക്കുക. ....(ബഹളം) ..... നിങ്ങൾ ദയവ് ചെയ്ത് സീറ്റുകളിലേയ്ക്ക് പോയാൽ.... ആഭ്യന്തര വകുപ്പുമന്ത്രിയോട് ക്ലാരിഫിക്കേഷൻസ് ചോദിക്കാം. പ്ലീസ്... ആഭ്യന്തര വകുപ്പുമന്ത്രിയോട് ചെയറിന് അതിന്റെ വിശദീകരണം ചോദിക്കണമെങ്കിൽ നിങ്ങൾ ദയവ് ചെയ്ത് സീറ്റുകളിലേയ്ക്ക് പോകണം. നിങ്ങൾ താഴെ നിന്ന് പറയുന്നതുമാത്രം കേട്ടാൽ മതിയോ; പ്ലീസ്... നിങ്ങൾ ഇങ്ങനെ നടന്നാൽ .. (ബഹളം) ....... നിങ്ങൾ ചെയറിന് ഒരു സമയം തരൂ, സന്ദർഭം തരൂ. ചെയറിന് ഒരു സന്ദർഭം തന്നാൽ ചോദിക്കാം. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ... ഇവർ അതാത് സീറ്റുകളിലിരുന്നാൽ ഞാൻ അദ്ദേഹത്തോട് ചോദിക്കാം. പ്ലീസ്... സീറ്റുകളിലേയ്ക്ക് പോയാലെ മൈക്ക് തരുകയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. അദ്ദേഹം സഭയുടെ മേശപ്പുറത്തുവച്ച ഡോക്യുമെന്റ് ഞങ്ങൾ ഇപ്പോൾ പരിശോധിച്ചു. അദ്ദേഹം മേശപ്പുറത്തു വച്ചത് നന്നായി. കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ അവാർഡ്

സംബന്ധിച്ച് ആ സ്ഥാപനങ്ങളെ, അവാർഡ് വിന്നേഴ്സിനെ അഭിനന്ദിച്ചു കൊണ്ട് മുഖ്യമന്ത്രി കൊടുത്ത ഒരു സന്ദേശമാണിത്. ആ അവാർഡ് വിന്നേഴ്സിൽ ഈ ടീം സോളാറില്ല. ടീം സോളാറിനെ അഭിനന്ദിച്ചുകൊണ്ട് ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഒരു മെസ്സേജ് കൊടുത്തുവെന്നു പറഞ്ഞുകൊണ്ട് ഈ സഭയെ ആഭ്യന്തര വകുപ്പുമന്ത്രി തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ടീം സോളാറിന്റെ പരസ്യം ആ പത്രം കൊടുത്ത ഫീച്ചറാണ്. അത് വേറെയാണ്. അതിനകത്ത് മുഖ്യമന്ത്രി ടീം സോളാറിനെക്കുറിച്ച് പറയുന്നേയില്ല. അങ്ങനെ ഈ സഭയെ തെറ്റിദ്ധരിപ്പിച്ച ഒരു മന്ത്രിക്ക് ആ സ്ഥാനത്ത് ഇരിക്കാൻ എന്താണ് അർഹത?

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി......... (ബഹളം) ... നോ..നോ... അദ്ദേഹത്തിന് സമയം കൊടുക്കണം. ശ്രീ. സി. ദിവാകരൻ അദ്ദേഹത്തിന് സമയം കൊടുക്കണം. പ്ലീസ്.....അങ്ങനെയൊന്നും ഈ സഭയെ ഹൈജാക്ക് ചെയ്യാൻ പറ്റില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ......... അദ്ദേഹം ഒന്നു പറയട്ടെ. ഇവിടെ ഒരു കാര്യം പറയാനുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞു. പ്ലീസ്... ദയവുചെയ്ത് സീറ്റിലേയ്ക്ക് പോവുക. ശ്രീ. വി. ശിവൻകുട്ടി സീറ്റിലിരിക്കൂ ........... അദ്ദേഹം മേശപ്പുറത്ത് ഒരു കടലാസ് വച്ചു. ആ കടലാസ് സംബന്ധിച്ച് നിങ്ങൾ ഒരു കാര്യം പറഞ്ഞു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആരെയും അപമാനിച്ചിട്ടില്ല. പ്ലീസ്....പ്ലീസ്..... ആരെങ്കിലും വിചാരിച്ചാൽ പ്രതിപക്ഷ ഉപനേതാവിനെ അപമാനിക്കാൻ പറ്റുമോ? അദ്ദേഹം പറയട്ടെ, ശ്രീ. സി. ദിവാകരൻ..... ബഹുമാനപ്പെട്ട അഭ്യന്തര മന്ത്രി. ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഇങ്ങനെ നിന്നാൽ എന്താണ് ചെയ്യുക. ..... (ബഹളം) ...........

മി. സ്പീക്കർ : ശ്രീ. ചന്ദ്രൻ......

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, എന്നാൽ അങ്ങ് പറ... ഞാൻ ഇരിക്കാം. അങ്ങ് ഒന്ന് അടങ്ങിക്കേ. ....(ബഹളം) ....... ആരെ യാണ് പേടിപ്പിക്കുന്നത്? നിങ്ങൾ അവിടെ ഇരിക്ക്. ഹോം മിനിസ്റ്ററാണ് സംസാരിക്കുന്നത്. കുറെ മര്യാദ വേണം.

മി. സ്പീക്കർ : പ്ലീസ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ,...

മി. സ്പീക്കർ : ശ്രീ. റ്റി. വി. രാജേഷ്.... അദ്ദേഹം പറയട്ടെ. അദ്ദേഹം എഴുന്നേറ്റ് നിൽക്കുകയല്ലേ?

ശ്രീ. കെ. സി. ജോസഫ് : സർ, എല്ലാവർക്കും ഒരേ അവകാശമേയുള്ളൂ.

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫ് അദ്ദേഹത്തിന് അത് പറയ ണ്ടേ?........(ബഹളം).... അതൊരു നല്ല സ്പിരിറ്റിൽ എടുത്താൽ മതി. പ്ലീസ്... ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്ലീസ്.... ആഭ്യന്തര വകുപ്പുമന്ത്രി ഒന്നു സംസസാരിക്കട്ടെ. ഇങ്ങനെ നിന്നാൽ എങ്ങനെയാണ്? നിങ്ങൾ ഒന്നുകിൽ ആഭ്യന്തര വകുപ്പുമന്ത്രിക്ക് മറുപടി പറയാനുള്ള സന്ദർഭം നൽകണം. ശ്രീ. സി. ദിവാകരൻ, അദ്ദേഹം മറുപടി പറയട്ടെ..........(ബഹളം)..............

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങിത് വെരിഫൈ ചെയ്തശേഷം റൂളിംഗ് നൽകണം.

മി. സ്പീക്കർ: അത് പിന്നീട് മാത്രമേ സാധിക്കുകയുള്ളൂ. ഇവിടെ ആരെങ്കിലും എന്തെങ്കിലും പേപ്പർ മേശപ്പുറത്ത് വച്ചാൽ ഉടൻ തന്നെ റൂളിംഗ് നൽകാൻ സാധിക്കുകയില്ല. ഇത് പരിശോധിക്കേണ്ട കാര്യമുണ്ട്. റൂളിംഗ്

നൽകാൻ ചെയറിന് പരിശോധിക്കേണ്ടി വരും. യെസ്....... ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് സംസാരിക്കൂ..... (ബഹളം........)

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവർ നേരെയിരുന്നാൽ ഞാൻ സംസാരിക്കാം. എന്റെ കയ്യിൽ എല്ലാ രേഖകളുമുണ്ട്. ഇവർ ഇരിക്കട്ടെ. (ബഹളം................)

<u>മി. സ്പീക്കർ</u>: മേശപ്പുറത്ത് ഒരു കടലാസ് വെച്ചപ്പോൾ നിങ്ങൾ അതിൽ ഒരു ഒബ്ജക്ഷൻ പറഞ്ഞു. മന്ത്രിക്ക് അതിനുള്ള മറുപടി പറയാൻ നിങ്ങൾ സമയം നൽകണം. ഇത് പരിശോധിച്ചതിനുശേഷം മാത്രമേ ചെയറിന് റൂളിംഗ് നൽകാൻ സാധിക്കുകയുള്ളൂ. നോ, നോ.......ഒരു പേപ്പർ ലഭിച്ചയുടൻ ചെയറിന് റൂളിംഗ് നടത്താൻ സാധിക്കില്ല. യെസ്........യെസ്.......... (ബഹളം)...........ആവശ്യമുള്ള സന്ദർഭങ്ങളിലെല്ലാം ചെയറിന്റെ റൂളിംഗ് ഉണ്ടാകും. നിങ്ങളിപ്പോൾ ആഭ്യന്തര വകുപ്പുമന്ത്രിയെ മറുപടി പറയാൻ അനുവദിക്കുന്നുണ്ടോ? ആഭ്യന്തര വകുപ്പുമന്ത്രി, നിങ്ങൾ ബഹളത്തിനിടയിൽ മറുപടി പറയാൻ ആഗ്രഹിക്കുന്നുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എനിക്കിവിടെ എന്ത് ചെയ്യാൻ സാധിക്കും? ഇവർ സീറ്റിലിരുന്നാൽ ഞാൻ മറുപടി പറയാം. (ബഹളം..........)

<u>മി. സ്പീക്കർ</u>: എന്നുപറഞ്ഞാൽ എങ്ങനെയാണ്? എനിക്ക് അടുത്ത ബിസിനസിലേക്ക് പോകേണ്ടി വരും. എനിക്ക് എല്ലാവരുമായി ഒറ്റയ്ക്ക് യുദ്ധം ചെയ്യാൻ സാധിക്കുമോ? ഇല്ലെങ്കിൽ എനിക്ക് അടുത്ത ബിസിനസ്സിലേക്ക് പോകേണ്ടി വരും. നിങ്ങൾ സ്നേഹപൂർവ്വം ഗൺ പോയിന്റിൽ നിറുത്തിയിട്ടല്ല റൂളിംഗ് വാങ്ങേണ്ടത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു

മന്ത്രി.............യെസ്, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങ് സംസാരിക്കൂ, പ്ലീസ്............പ്ലീസ്.............

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, എന്റെ കയ്യിലുള്ള പത്രം 2010 ഡിസംബർ 14-ാം തീയതിയിലെ ഇന്ത്യൻ എക്സ്പ്രസിന്റെ ഫോട്ടോ കോപ്പിയാണ്. ഒറിജിനൽ വേണമെങ്കിൽ പിന്നീട് ഞാൻ ഹാജരാക്കാം. ഈ പത്രത്തിൽ ടീം സോളാറിനെക്കുറിച്ച് കേരള ഗവൺമെന്റിന്റെ പരസ്യവും ടീം സോളാറിന്റെ ഫീച്ചറും ടീം സോളാറിനെക്കുറിച്ചുള്ള ഒരു ലേഖനവും ഒരുമിച്ച് എങ്ങനെ വന്നു എന്നത് തന്നെയാണ് എന്റെ ചോദ്യം. (ബഹളം................)

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചു.)

മി. സ്പീക്കർ: യെസ്, പ്ലീസ്.......... ദയവുചെയ്ത് സീറ്റിലേക്ക് പോകണം. പ്ലീസ്............ പ്ലീസ്........... യെസ്, പ്ലീസ്..............(ബഹളം).......... ചെയറിന് അടുത്ത ബിസിനസ്സിലേക്ക് കടക്കേണ്ടതായി വരികയാണ്. യെസ്, യെസ്........... ഇത് പരിശോധിച്ചശേഷം പിന്നീട് സ്പീക്കർ റൂൾ ചെയ്യുന്നതാണ്. നിങ്ങൾ ദയവുചെയ്ത് സീറ്റിലേക്ക് പോകണം. സീറ്റിലേക്ക് പോയില്ലെങ്കിൽ ചെയറിന് അടുത്ത ബിസിനസിലേക്ക് കടക്കേണ്ടിവരും. ...............(ബഹളം).......... ശ്രദ്ധ ക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുന്നു.

(പ്രതിപക്ഷാംഗങ്ങളുടെ ബഹളത്തെത്തുടർന്ന് ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുന്നതായി സ്പീക്കർ സഭയെ അറിയിച്ചു)